സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂലൈ 12 ബുധൻ | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

## കേന്ദ്രത്തിന് തിരിച്ചടി; എൻഫോഴ്സ്മെന്റ് ഡയറക്ടറുടെ കാലാവധി നീട്ടിയത് സുപ്രീം കോടതി റദ്ദാക്കി

ന്യൂഡൽഹി: എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് മേധാവിയുടെ കാലാവധി നീട്ടി നൽകിയ കേന്ദ്ര സർക്കാരിന്റെ നടപടി സുപ്രീം കോടതി റദ്ദാക്കി. ഇ.ഡി ഡയറക്ടർ സഞ്ജയ് കുമാർ മിശ്രയുടെ കാലാവധി മൂന്നാം തവണയും നീട്ടി നൽകിയ കേന്ദ്രസർക്കാർ നടപടിയാണ് സുപ്രീം കോടതി റദ്ദ് ചെയ്തത്.



നിയമവിരുദ്ധമെന്ന് വ്യക്തമാക്കിയ കോടതി ഈ മാസം 31 വരെ പദവിയിൽ തുടരാൻ എസ്.കെ മിശ്രയ്ക്ക് അനുമതിയും നൽകി. ബി.ആർ ഗവായ്, വിക്രംനാഥ്, സഞ്ജയ് കരോൾ എന്നിവർ അടങ്ങിയ മൂന്നംഗ ബെഞ്ചിന്റേതാണ് ഉത്തരവ്.

2018 നവംബറിലാണ് രണ്ട് വർഷത്തേക്ക് എസ്.കെ മിശ്രയെ ഇ.ഡി ഡയറക്ടറായി നിയമിച്ചത്. ഇതുപ്രകാരം 2020 നവംബറിൽ കാലാവധി പൂർത്തിയായി. 2020 മെയിൽ വിരമിക്കൽ പ്രായമായ 60 വയസ് പൂർത്തിയായ എസ്.കെ മിശ്രയ്ക്ക് കേന്ദ്രം ഒരു വർഷത്തേക്ക് കാലാവധി നീട്ടി നൽകി. 2018 ലെ നിയമന ഉത്തരവിൽ രണ്ട് വർഷമെന്നത് മൂന്ന് വർഷമെന്ന് പുതുക്കിയാണ് കാലാവധി നീട്ടി നൽകിയത്.

ഈ നടപടി ചോദ്യം ചെയ്ത് സമർപ്പിച്ച ഹർജിയിലായിരുന്നു 2021 ലെ കോടതി ഉത്തരവ്. 2021 നവംബറിന് ശേഷം കാലാവധി നീട്ടരുതെന്നായിരുന്നു കോടതി നിർദേശം. നവംബർ 2021ന് ശേഷം എസ്.കെ മിശ്രയ്ക്ക് പദവി നീട്ടി നൽകരുതെന്ന 2021 ലെ സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമാണ് സർക്കാർ നടപടിയെന്ന് കോടതി വ്യക്തമാക്കി. എന്നാൽ കേന്ദ്രത്തിന്റെ അഭ്യർത്ഥന മാനിച്ച് ജൂലൈ 31 വരെ എസ്.കെ മിശ്രയെ പദവിയിൽ തുടരാൻ കോടതി അനുവദിക്കുകയായിരുന്നു.

2021 ലെ സുപ്രീം കോടതി ഉത്തരവിന് പിന്നാലെ സെൻട്രൽ വിജിലൻസ് കമ്മീഷൻ നിയമത്തിൽ കേന്ദ്രം ഭേദഗതി വരുത്തിയിരുന്നു. ഇ ഡി ഡയറക്ടറുടെ കാലാവധി അഞ്ച് വർഷം വരെ നീട്ടി നൽകാൻ ഇതോടെ സർക്കാരിന് അധികാരം ലഭിച്ചു. ഇതിനെതിരെ എട്ടോളം പൊതുതാൽപര്യ ഹർജികളാണ് കോടതിയിലെത്തിയത്. പിന്നാലെ കാലാവധി വീണ്ടും നീട്ടുകയായിരുന്നു.

ഉദ്യോഗസ്ഥർക്ക് കാലാവധി നീട്ടിനൽകുന്നത് ചില പ്രത്യേക സാഹചര്യത്തിൽ മാത്രാണ്. അങ്ങെനയൊരു സാഹചര്യം ഇവിടെയില്ല. ഈ സ്ഥാനത്ത് നിയമിക്കാൻ മറ്റു ഉദ്യോഗസ്ഥർ ഇല്ലേ? പ്രധാനമന്ത്രി കൊല്ലപ്പെട്ടിട്ടും മുന്നോട്ടുപോയ രാജ്യമാണിന്ത്യയെന്നും സുപ്രീം കോടതി കേന്ദ്ര സർക്കാരിനെ ഓർമിപ്പിച്ചു. പ്രതിപക്ഷ പാർട്ടികളെ വേട്ടയാടാൻ വേണ്ടിയാണ് ഇ ഡി ഡയറക്ടറുടെ കാലാവധി നീട്ടുന്നതെന്നാണ് കോൺഗ്രസ് ഉൾപ്പെടെയുള്ള പാർട്ടികൾ ആരോപിച്ചത്.

## ബെംഗളുരുവിൽ മലയാളി സിഇഒ അടക്കം രണ്ട് പേർ കൊല്ലപ്പെട്ട സംഭവം; പ്രതികൾ പിടിയിൽ

ബംഗളൂരുവിൽ മലയാളി സിഇഒയെ അടക്കം രണ്ട് പേരെ വെട്ടിക്കൊന്ന കേസിലെ പ്രതികൾ അറസ്റ്റിൽ. ജോക്കർ ഫെലിക്സ് അഥവാ ശബരീഷ്, വിനയ് റെഡ്ഢി, സന്തോഷ് എന്നിവരാണ് പിടിയിലായിട്ടുള്ളത്. എയ്റോണിക്സ് മീഡിയ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ എംഡി പണീന്ദ്ര സുബ്രഹ്മണ്യ, സി ഇ ഒ വിനു കുമാർ എന്നിവരാണ് കൊല്ലപ്പെട്ടത്. ഈ കമ്പനിയിലെ മുൻ ജീവനക്കാരൻ ജോക്കർ ഫെലിക്സാണ് ഇരുവരെയും കുത്തിക്കൊലപ്പെടുത്തിയതെന്ന് ഇന്നലെ തന്നെ വ്യക്തമായിരുന്നു.



ജോലിയിൽ നിന്ന് പിരിച്ചുവിട്ടതിന്റെ വൈരാഗ്യത്തിലാണ് ഇയാൾ രണ്ട് പേരെയും കുത്തിക്കൊലപ്പെടുത്തിയതാണെന്ന് ബെംഗളൂരു പൊലീസ് പറഞ്ഞു. നോർത്ത് ബംഗളൂരുവിലെ അമൃതഹള്ളിയിൽ പമ്പ എക്സ്റ്റൻഷനിലാണ് ഇന്നലെ വൈകിട്ടാണ് കൊലപാതകം നടന്നത്. ഇന്റർനെറ്റ് സർവീസ് പ്രൊവൈഡറാണ് എയ്റോണിക്സ് മീഡിയ പ്രൈവറ്റ് ലിമിറ്റഡ്. ജോക്കർ ഫെലിക്സ് എന്ന പേരിൽ സോഷ്യൽ മീഡിയയിൽ അക്കൗണ്ട് ഉള്ള ആളാണ് പ്രതി.

ഫെലിക്സ് ഉൾപ്പടെ മൂന്ന് പേർ അടങ്ങിയ സംഘം ഓഫീസിൽ അതിക്രമിച്ചു കയറി കൊലപാതകം നടത്തുകയായിരുന്നു. ജോലിയിൽ നിന്ന് പിരിച്ചു വിട്ട ശേഷം ഫെലിക്സ് മറ്റൊരു സ്റ്റാർട്ട് അപ്പ് തുടങ്ങിയിരുന്നു. എയ്റോണിക്സ് എന്ന കമ്പനി ഈ സ്റ്റാർട്ട് അപ്പിന് ഭീഷണി ആണെന്ന് ഫെലിക്സ് കരുതി.

ഇതിന്റെ പകയും മുൻപ് ജോലിയിൽ നിന്ന് പിരിച്ചു വിട്ടതിലെ പകയുമാണ് കൊലയ്ക്ക് പിന്നിൽ എന്നാണ് പൊലീസ് നിഗമനം. സംഭവത്തിൽ പൊലീസ് വിശദമായ അന്വേഷണം നടത്തുന്നുണ്ട്.

## കാൻസർ മരുന്നിന് നികുതി കുറയും; തിയേറ്ററിലെ ഭക്ഷണം റസ്റ്റോറന്റ് വിലയ്ക്ക്

### ഓൺലൈൻ ഗെയിമിങ്ങിന് 28 ശതമാനം ജിഎസ്ടി

ന്യൂഡൽഹി: കാൻസറിനും അപൂർവ രോഗങ്ങൾക്കമുള്ള മരുന്നുകളുടെ വില കുറയും. ഇവയുടെ നികുതി ഒഴിവാക്കി. ചികിത്സാ ആവശ്യങ്ങൾക്കമുള്ള ഭക്ഷണ പദാർഥങ്ങൾക്കും ജിഎസ്ടി ഒഴിവാക്കിയിട്ടുണ്ട്. ജിഎസ്ടി കൗൺസിൽ യോഗത്തിലാണ് തീരുമാനം. 50ാമത് ജിഎസ്ടി കൗൺസിൽ യോഗമാണ് ഇന്ന് ഡൽഹിയിലെ വിഗ്യാൻ ഭവനിൽ നടന്നത്. സിനിമാ തിയേറ്ററുകളിൽ വിൽക്കുന്ന ഭക്ഷണങ്ങൾക്കും ശീതള പാനീയങ്ങൾക്കും വില കുറയും. ജിഎസ്ടി അഞ്ച് ശതമാനമാക്കാൻ കൗൺസിലിൽ തീരുമാനമായി. പാചകം ചെയ്യാത്തതും വറുക്കാത്തതുമായ ലഘു ഭക്ഷണങ്ങൾക്കും വില കുറയും. പാക്കറ്റു ചെയ്ത പപ്പടത്തിന്റെ നികുതി 18ൽ നിന്നു അഞ്ച് ശതമാനമാക്കി കുറയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.



ഓൺലൈൻ ഗെയിമിങ്ങിനു ജിഎസ്ടി ഏർപ്പെടുത്തും. 28 ശതമാനം ജിഎസ്ടി ഏർപ്പെടുത്താനാണ് കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. സിനിമാ തിയേറ്ററിനുള്ളിലെ ഭക്ഷണം റെസ്റ്റോറന്റ് വിലയ്ക്കേ വിൽക്കാവുള്ളു എന്ന് സംസ്ഥാന ധന മന്ത്രി കെഎൻ ബാലഗോപാൽ വ്യക്തമാക്കി. സ്വർണത്തിനു ഇ വേ ബിൽ നടപ്പിലാക്കാൻ തീരുമാനിച്ചു. സ്വർണ വിൽപ്പന രംഗത്ത് വൻ മാറ്റം വരുമെന്നും മന്ത്രി വ്യക്തമാക്കി. ജിഎസ്ടി ട്രൈബ്യൂണൽ രണ്ട് ബെഞ്ചുകൾ കേരളത്തിൽ സ്ഥാപിക്കാൻ തീരുമാനിച്ചതായി കെഎൻ ബാലഗോപാൽ പറഞ്ഞു. തിരുവനന്തപുരത്തും കൊച്ചിയിലുമായിരിക്കും ഇവ സ്ഥാപിക്കുക. ഒരു ജുഡീഷ്യൽ അംഗവും ഒരു ടെക്നിക്കൽ അംഗവും ഉണ്ടാകും.

# നിത്യോപയോഗ സാധനങ്ങൾക്ക് അമിതവില ഈടാക്കിയാൽ നടപടി

തിരുവനന്തപുരം: സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു. നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വലിയ അന്തരം പലയിടത്തും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.



എല്ലാ വ്യാപാര സ്ഥാപനങ്ങളുടെ മുന്നിലും വിലനിലവാര പട്ടിക നിർബന്ധമായും പ്രദർശിപ്പിക്കണം. കാര്യക്ഷമമായ ഇടപെടലിലൂടെ വില പിടിച്ചുനിർത്താൻ വകുപ്പുകൾ കൂട്ടായ പ്രവർത്തനം നടത്തണം. ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധന കർശനമാക്കണം. പൂഴ്ത്തിവയ്പ്പ് പൂർണ്ണമായും ഒഴിവാക്കാനാവണം. ജില്ലയിലെ പ്രധാന മാർക്കറ്റുകളിൽ കളക്ടറുടെ നേതൃത്വത്തിലുള്ള ടീം നേരിട്ട് പരിശോധനകൾ നടത്തണം. പൊലീസിന്റെ ഇടപെടലും ഉണ്ടാകണം. നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിൽ ഹോർട്ടി കോർപ്പും കൺസ്യൂമർഫെഡും സിവിൽസപ്ലൈസും വിപണിയിൽ കാര്യക്ഷമമായി ഇടപെടണം. സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ഓണക്കാലത്തേക്കുള്ള മാർക്കറ്റുകൾ നേരത്തെ ആരംഭിക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

ഗുണനിലവാര പരിശോധന എല്ലാ സ്ഥലങ്ങളിലും നടത്തണം. ഒരേ ഇനത്തിനു തന്നെ വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന വിലയിലെ അന്തരം വ്യാപാരസമൂഹവുമായി ജില്ലാകളക്ടർമാർ ചർച്ച ചെയ്ത് പരിഹാരം കാണണം. ഏറ്റക്കുറച്ചിലുകൾ പരിഹരിച്ച് ഒരേവില കൊണ്ടുവരാൻ ശ്രമിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം ആഴ്ചയിൽ ഒരു തവണയെങ്കിലും ജില്ലാകളക്ടർമാർ അവലോകനം നടത്തണം. സംസ്ഥാനാടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരുടെ യോഗം 10 ദിവസത്തിലൊരിക്കൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേരണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.

യോഗത്തിൽ മന്ത്രിമാരായ ജി ആർ അനിൽ, വിഎൻ വാസവൻ, കെ രാജൻ, പി പ്രസാദ്, ചീഫ് സെക്രട്ടറി ഡോ. വി വേണു, ഭക്ഷ്യ, കൃഷി വകുപ്പു സെക്രട്ടറിമാർ, സംസ്ഥാന പോലീസ് മേധാവി ഷെയ്ക്ക് ദർവേഷ് സാഹിബ്, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവികൾ മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.



## പണം മുൻകൂർ നൽകാത്തതിനാൽ ആംബുലൻസ് എടുത്തില്ല; ചികിത്സ വൈകി രോഗി മരിച്ചു

പറവൂർ: പണം മുൻകൂർ നൽകാത്തതിനാൽ ആംബുലൻസ് എടുക്കാൻ ഡ്രൈവർ തയാറാകാതിരുന്നതോടെ ചികിത്സ വൈകി രോഗി മരിച്ചതായി പരാതി. നീണ്ടൂർ കൈതക്കൽ വീട്ടിൽ അസ്മ (72)യാണ് മരിച്ചത്. സംഭവത്തിൽ അസ്മയുടെ ബന്ധുക്കൾ ആശുപത്രി സൂപ്രണ്ടിന് പരാതി നൽകി. കടുത്ത പനിയെ തുടർന്ന് ഇന്നലെ രാവിലെയാണ് അസ്മയെ താലൂക്ക് ആശുപത്രിയിലെത്തിച്ചത്. രോഗം കൂടുതലായതിനെ തുടർന്ന് ജനറൽ ആശുപത്രിയിലേക്ക് കൊണ്ടുപോകാൻ ആശുപത്രി അധികൃതർ നിർദേശം നൽകി. രോഗിയെ ആശുപത്രിയുടെ ആംബുലൻസിൽ കയറ്റിയെങ്കിലും വാഹനവാടകയായ 900 രൂപ തന്നാൽ മാത്രമേ കൊണ്ടുപോകൂവെന്ന് ഡ്രൈവർ പറഞ്ഞതായി പരാതിയിൽ പറയുന്നു. ഈ സമയം കൂടെയുള്ളവരുടെ കൈയിൽ പണം ഉണ്ടായിരുന്നില്ല. രോഗിയെ എത്തിച്ച ശേഷം നൽകാമെന്ന് പറഞ്ഞെങ്കിലും ഡ്രൈവർ വഴങ്ങിയില്ല.

അരമണിക്കൂറിന് ശേഷം നീണ്ടൂരുള്ള വീട്ടിലെത്തി പണമെടുത്ത് ഡ്രൈവർക്ക് നൽകി. എന്നിട്ടാണ് രോഗിയെയും കൊണ്ട് ജനറൽ ആശുപത്രിയിലേക്ക് പോകാൻ ഡ്രൈവർ തയാറായത്. ആശുപത്രിയിലെത്തി മിനിറ്റുകൾക്കകം അസ്മ മരിച്ചു.

എന്നാൽ പരാതിയിൽ വിശദീകരണവുമായി ആംബുലൻസ് ഡ്രൈവർ ആൻറണി. പണം മുൻകൂറായി നൽകിയാലെ ആംബുലൻസ് എടുക്കൂ എന്ന് താൻ നിർബന്ധം പിടിച്ചിട്ടില്ലെന്ന് ആൻറണി പറഞ്ഞു. മരിച്ച അസ്മയുടെ ബന്ധുക്കൾ ആവശ്യപ്പെട്ടത് പ്രകാരം കാത്ത് നിന്നത് കൊണ്ടാണ് ആംബുലൻസ് എടുക്കാൻ വൈകിയതെന്ന് ആൻറണി കൂട്ടിച്ചേർത്തു.

പരേതനായ അലിയാണ് ഭർത്താവ്. മക്കൾ: അബൂബക്കർ, സുൽബത്ത്. മരുമക്കൾ: സുഹ്റ, ഹനീഫ.

## കനത്ത മഴയിൽ ഉത്തരേന്ത്യ: മരണം നൂറ് കടന്നു

ഷിംല: ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിലും മരിച്ചവരുടെ എണ്ണം ഉത്തരേന്ത്യയിൽ നൂറ് കടന്നു. നാല് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ 24 മണിക്കൂറിനിടെ 20 മരണം റിപ്പോർട്ട് ചെയ്തു. മണ്ണിടിച്ചിലിലും മലവെള്ളപാച്ചിലിലും പലയിടങ്ങളിലും റോഡുകൾ തകർന്നു. ഹിമാചൽ പ്രദേശിൽ മാത്രം ശക്തമായ മഴയെ തുടർന്നുണ്ടായ കെടുതികളിൽ 80ഓളം പേരാണ് മരണപ്പെട്ടത്. ഹിമാചൽപ്രദേശിൽ നിർത്താതെ പെയ്ത മഴയിൽ കഴിഞ്ഞ മൂന്ന് ദിവസങ്ങളിലായി 31 പേർ മരിച്ചു. സംസ്ഥാനത്തെ 1,300 റോഡുകൾ അടച്ചിട്ടു. മൂന്ന് ദിവസത്തിനിടെ 40 പാലങ്ങൾ തകർന്നു. ഹരിയാനയിൽ ഞായറാഴ്ച മുതൽ പെയ്ത മഴയിൽ ഏഴുമരണം റിപ്പോർട്ട് ചെയ്തു. കുരുക്ഷേത്ര ജില്ലയിൽ കനാൽ തകർന്ന് ആയിരക്കണക്കിന് ഏക്കർ ഭൂമി വെള്ളത്തിനടിയിലായി.

ഉത്തരാഖണ്ഡിൽ ഉത്തരകാശി-ഗംഗോത്രി ഹൈവേയിൽ മൂന്ന് വാഹനങ്ങളിൽ പാറക്കഷ്ണങ്ങൾ വന്നിടിച്ച് നാലുപേർ മരിക്കുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു. പഞ്ചാബിൽ 10 പേർ മരിച്ചു. ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിലാണ് മറ്റ് മരണങ്ങൾ റിപ്പോർട്ട് ചെയ്തത്. ഈ സംസ്ഥാനങ്ങളിൽ കൃഷിക്കും വ്യാപക നാശനഷ്ടമുണ്ടായി. വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് ആളുകൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറാൻ പോലുമാകാതെ കുടുങ്ങികിടക്കുകയാണ്.



ചൊവ്വാഴ്ച കാലാവസ്ഥ തെളിഞ്ഞതോടെ പലഭാഗങ്ങളിലും രക്ഷാപ്രവർത്തനം പുനരാരംഭിച്ചിരുന്നു. ഇതുവരെയുണ്ടായ നാശനഷ്ടം എത്രയെന്ന് തിട്ടപ്പെടുത്താൻ സംസ്ഥാന സർക്കാരുകൾക്കായിട്ടില്ല. കുടുങ്ങി കിടക്കുന്നവരെ രക്ഷിക്കുക, ദുരിതാശ്വാസ നടപടികൾ വേഗത്തിലാക്കുക എന്നിവയ്ക്കാണ് സംസ്ഥാന സർക്കാരുകൾ പ്രാഥമിക പരിഗണന നൽകുന്നത്. ഇതിന് ശേഷം നാശനഷ്ടം കണക്കാക്കാമെന്നാണ് തീരുമാനം.

## ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിച്ച് റെയിൽവേ; സ്റ്റോപ്പുകൾ അറിയാം

തിരുവനന്തപുരം: കേരളത്തിലൂടെ ഓടുന്ന ചില ട്രെയിനുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിച്ച് റെയിൽവേ. 13 ട്രെയിനുകൾക്കാണ് കൂടുതൽ സ്റ്റോപ്പുകൾ അനുവദിച്ചത്. പരീക്ഷണാടിസ്ഥാനത്തിലാണ് ഈ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കാനുള്ള റെയിൽവേ നീക്കം. നിസാമുദ്ദീൻ എറണാകുളം മംഗള എക്സ്പ്രസിനു കൊയിലാണ്ടിയിൽ സ്റ്റോപ്പ് അനുവദിച്ചു. തിരുവനന്തപുരം മംഗളൂരു മാവേലി എക്സ്പ്രസിനും കൊയിലാണ്ടിയിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. ഈ ട്രെയിൻ ഇനി മുതൽ കുറ്റിപ്പുറത്തും നിർത്തും. മംഗളൂരു തിരുവനന്തപുരം മാവേലി അമ്പലപ്പുഴയിലും നിർത്തും. പൂനെ കന്യാകുമാരി എക്സ്പ്രസിനു ഒറ്റപ്പാലത്തും സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്. മധുരൈ തിരുവനന്തപുരം അമൃത ഇനി കരുനാഗപ്പള്ളിയിൽ നിർത്തും. തിരുവനന്തപും മംഗളൂരു എക്സ്പ്രസിനു ചാലക്കുടിയിൽ സ്റ്റോപ്പ് അനുവദിച്ചു. നാഗർകോവിൽ മംഗളൂരു എക്സ്പ്രസിനു കുഴിത്തുറൈ, നെയ്യാറ്റിൻകര സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിച്ചിട്ടുണ്ട്.



15 മുതൽ നിസാമുദ്ദീൻ എറണാകുളം മംഗള എക്സ്പ്രസിന് (12618) കൊയിലാണ്ടിയിലും (പുലർച്ചെ 03.09), 16 മുതൽ തിരുവനന്തപുരം മംഗളൂരു മാവേലി എക്സ്പ്രസിന് (16604) കുറ്റിപ്പുറം (പുലർച്ചെ 02.29), കൊയിലാണ്ടി (പുലർച്ചെ 03.09) സ്റ്റേഷനുകളിലും സ്റ്റോപ് അനുവദിച്ചിട്ടുണ്ട്. പുതിയ സ്റ്റോപ്പ് അനുവദിക്കപ്പെട്ട മറ്റു ട്രെയിനുകൾ ഇങ്ങനെ: ട്രെയിൻ, സ്റ്റോപ്പ്, എത്തുന്ന സമയം എന്ന ക്രമത്തിൽ. പൂനെ കന്യാകുമാരി എക്സ്പ്രസ് (16381) ഒറ്റപ്പാലം (പുലർച്ചെ 01.44) മതുരൈ തിരുവനന്തപുരം അമൃത എക്സ്പ്രസ് (16344) കരുനാഗപ്പള്ളി (പുലർച്ചെ 02.22), തിരുവനന്തപുരം മംഗളൂരു എക്സ്പ്രസ് (16347) ചാലക്കുടി (പുലർച്ചെ 02.09), മംഗളൂരു തിരുവനന്തപുരം എക്സ്പ്രസ് (16603) അമ്പലപ്പുഴ (പുലർച്ചെ 03.10) , നാഗർകോവിൽ മംഗളൂരു എക്സ്പ്രസ് (16606) കുളിത്തുറൈ (പുലർച്ചെ 02.36), നെയ്യാറ്റിൻകര (പുലർച്ചെ 3 മണി), ആലപ്പുഴ ധൻബാദ് എക്സ്പ്രസ് (13352) സുല്ലൂർപേട്ട (രാത്രി 11.33 ) , എറണാകുളം കാരയ്ക്കൽ എക്സ്പ്രസ് (16188) കൊടുമുടി (രാവിലെ 5.34 ) , മുംബൈ നാഗർകോവിൽ എക്സ്പ്രസ് (16339) നാമക്കൽ (രാത്രി 11.34) , പാലക്കാട് തിരുനെൽവേലി പാലരുവി എക്സ്പ്രസ് (16792) കുണ്ടറ (രാത്രി 11.32), കിളക്കടയം (പുലർച്ചെ 3.17) , തിരുനെൽവേലി പാലക്കാട് പാലരുവി എക്സ്പ്രസ് (16791) പവൂർചത്രം (രാത്രി 12.23), കുണ്ടറ (പുലർച്ചെ 3.37 ) , പുനലൂർ മതുരൈ എക്സ്പ്രസ് (16730) വള്ളിയൂർ (രാത്രി 11.10).

# മണിപ്പൂർ വിഷയം പാർലമെന്റിൽ ഉന്നയിക്കും: മുസ്‌ലിം ലീഗ്



ന്യൂഡൽഹി: മണിപ്പൂർ വിഷയം പാർലമെന്റിൽ ഉന്നയിക്കുമെന്ന് മുസ്‌ലിം ലീഗ്. മണിപ്പൂരിലെ സമാധാനത്തിന് വേണ്ടിയുള്ള ഏത് ശ്രമത്തിനും മുസ് ലിംലീഗ് പിന്തുണ നൽകും. ഇതിനായി സമാനചിന്താഗതിക്കാരായ പാർട്ടികളുമായി ആശയവിനിമയം നടത്തുമെന്നും മണിപ്പൂർ സന്ദർശിച്ച ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ മുസ് ലിം ലീഗ് നേതാക്കൾ വ്യക്തമാക്കി. കലാപം തുടക്കത്തിലേ നിയന്ത്രിക്കുന്നതിന് പകരം എരിതീയിൽ എണ്ണയൊഴിക്കുന്ന സമീപനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായെന്നും നേതാക്കൾ കുറ്റപ്പെടുത്തി.

അഭയാർഥി ക്യാംപുകളിൽ ദുരിതക്കാഴ്ചയായിരുന്നുവെന്ന് നേതാക്കൾ പറഞ്ഞു. ഭക്ഷണം, ശുദ്ധജലം എന്നിവക്കെല്ലാം പ്രയാസപ്പെടുകയാണ്. ക്യാംപിലെ ജീവിതം അവസാനിച്ചാലും മടങ്ങിപ്പോകാൻ വീടും കുടുംബവും ബാക്കിയില്ലാത്തവരുണ്ട്. സർക്കാർ സംവിധാനങ്ങളുടെ സഹായം പരിമിതമാണ്. ചെറിയ ജോലികൾ ചെയ്താണ് ക്യാംപിലുള്ളവർ കഴിയുന്നത്. ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഇല്ലാത്തതിനാൽ മണിപ്പൂരിന്റെ യഥാർത്ഥ ചിത്രം ഇപ്പോഴും പുറംലോകം അറിഞ്ഞിട്ടില്ല.

ദുരിതബാധിതരെ നിയമപരായി സഹായിക്കേണ്ടത് സംബന്ധിച്ചും സംഘർഷം അവസാനിപ്പിക്കാനുള്ള മാർഗങ്ങളെക്കുറിച്ചും മുസ് ലിം ലീഗ് സംഘം ഗവർണറുമായി സംസാരിച്ചു. മേഖലയിൽ സമാധാനം പുനഃസ്ഥാപിക്കാനും പൗരന്മാരുടെ സ്വസ്ഥജീവിതം ഉറപ്പാക്കാനും മുസ് ലിംലീഗ് എല്ലാ സഹായവും നൽകുമെന്നും നേതാക്കൾ അറിയിച്ചു.

# വിദ്യ സമർപ്പിച്ച വ്യാജരേഖ കണ്ടെടുത്തു; രേഖ കണ്ടെടുത്തത് ഗൂഗിളിന്റെ സഹായത്തോടെ

പാലക്കാട്: വ്യാജ സർട്ടിഫിക്കറ്റ് കേസിലെ പ്രതിയായ മുൻ എസ്.എഫ്.ഐ നേതാവ് കെ. വിദ്യ സമർപ്പിച്ച വ്യാജരേഖ അഗളി പോലിസ് കണ്ടെടുത്തു. വിദ്യ ജോലിക്കായുള്ള അഭിമുഖത്തിന് നൽകാൻ തയ്യാറാക്കിയ വ്യാജ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് അഗളി പോലിസ് കണ്ടെടുത്തു. വിദ്യയുടെ ഫോണിൽ നിന്ന് ഗൂഗിളിന്റെ സഹായത്തോടെയാണ് വിവരങ്ങൾ വീണ്ടെടുത്തത്. പാലാരിവട്ടത്തെ ഇന്റർനെറ്റ് കഫേയിൽ നിന്നാണ് വ്യാജരേഖയുടെ പ്രിന്റ് കണ്ടെടുത്തത്. ഇവിടെ നിന്നാണ് വിദ്യ വ്യാജരേഖയുടെ പ്രിന്റ് എടുത്തതെന്നും പോലിസ് കണ്ടെത്തി.

കഫേ ഉടമയുടെ മൊഴി പൊലീസ് രേഖപ്പെടുത്തി. പാലാരിവട്ടത്തെ ഈ കഫേ ഒരു വർഷം മുമ്പ് പൂട്ടി പോയിരുന്നു. ഇപ്പോൾ കഫേയുടെ ഉടമയെ കണ്ടെത്തിയാണ് പോലിസ് വ്യാജരേഖയുടെ പ്രിന്റ് കണ്ടെടുത്തത്. അട്ടപ്പാടി കേസിൽ ഈ മാസം തന്നെ കുറ്റപത്രം സമർപ്പിക്കും.

സർട്ടിഫിക്കറ്റ് നിർമിച്ചത് ഫോണിലൂടെയാണെന്നും ആ ഫോൺ തകരാർ സംഭവിച്ച് ഉപേക്ഷിച്ചുവെന്നും വിദ്യ നേരത്തെ പോലിസിന് മൊഴി നൽകിയിരുന്നു. വ്യാജരേഖ



ഉണ്ടാക്കിയത് മൊബൈൽ ഫോണിൽ ആരുടേയും സഹായമില്ലാതെ ആണെന്നും ഒറിജിനൽ നശിപ്പിച്ചുവെന്നും വിദ്യ പോലിസിനോട് സമ്മതിച്ചിരുന്നു. വ്യാജരേഖയുടെ അസ്സൽ പകർപ്പ് നശിപ്പിച്ചെന്നാണ് വിദ്യ പോലിസിനോട് പറഞ്ഞത്. മൊബൈൽ ഫോണിൽ വ്യാജ രേഖ നിർമ്മിച്ച് അവ അക്ഷയ സെന്ററിലേക്ക് മെയിൽ അയക്കുകയായിരുന്നെന്ന് പോലീസ് നേരത്തെ കണ്ടെത്തിയിരുന്നു.

മഹാരാജാസ് കോളേജിന്റെ പേരിലുള്ള വ്യാജ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റാണ് വിദ്യ കരിന്തളം ഗവ. കോളേജിൽ സമർപ്പിച്ചിരുന്നത്. ഇതേ സർട്ടിഫിക്കറ്റ് ഹാജരാക്കി അട്ടപ്പാടി കോളേജിൽ അഭിമുഖത്തിന് ചെന്നതോടെയാണ് വിദ്യ പിടിക്കപ്പെട്ടത്. സർട്ടിഫിക്കറ്റിൽ സംശയം തോന്നിയ കോളേജ് പ്രിൻസിപ്പൽ മഹാരാജാസ് കോളേജുമായി ബന്ധപ്പെട്ടതോടെയാണ് കള്ളം പുറത്തായത്.

# ഏകീകൃത സിവിൽകോഡിലൂടെ വെളിപ്പെടുന്നത് സംഘപരിവാർ രാഷ്ട്രീയം: ബിനോയ് വിശ്വം എംപി

കോഴിക്കോട്: ഏകീകൃത സിവിൽകോഡിലൂടെ വെളിപ്പെടുന്നത് സംഘപരിവാർ രാഷ്ട്രീയമാണെന്ന് സിപിഐ ദേശീയ സെക്രട്ടേറിയറ്റ് അംഗം ബിനോയ് വിശ്വം എംപി പറഞ്ഞു. ഐഎൻഎൽ 'ഏക സിവിൽകോഡ്: ഹിന്ദുത്വ അജണ്ട എങ്ങനെ പ്രതിരോധിക്കാം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സിമ്പോസിയം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഏകസിവിൽകോഡിന്റെ ചർച്ച പെട്ടന്ന് പൊട്ടിവീണിരിക്കയാണ്. അത് പൊട്ടിച്ചു വീഴ്ത്തിയവർക്ക് ഒരു പ്രത്യേക അജണ്ടയുണ്ട്. അവർ പറയുന്നത് സ്ത്രീകളുടെ അവകാശങ്ങളെല്ലാം സംരക്ഷിക്കാൻ വേണ്ടിയാണ് ഈ നീക്കമെന്നാണ്. വിവേചനപരമായ ഒരുപാട് കാര്യങ്ങൾ മുസ്ലിംവ്യക്തിനിയമങ്ങളിൽ കാലങ്ങളായുണ്ടെന്നും അതിൽ മുസ്ലിംസ്ത്രീകളെല്ലാം അസ്വസ്ഥരാണെന്നും അതുകൊണ്ട് ആ ആസ്വാസ്ഥ്യങ്ങൾക്കെല്ലാമുള്ള പരിഹാരമായി ഏകീകൃത സിവിൽകോഡ് മാത്രമാണ് പോംവഴിയെന്നും അവർ പറയുകയാണ്. അതൊരു പുതിയ വാദമല്ല. എത്രയോ കാലമായി സംഘപരിവാർ അവർക്ക് ആവശ്യംവരുമ്പോഴെല്ലാം ഉയർത്തിക്കാണിക്കാൻ ശ്രമിക്കുന്ന വാദഗതിയാണത്. ആ വാദഗതിയുടെ ഒരുപാട് സന്ദർഭങ്ങൾ നാം കണ്ടിട്ടുണ്ട്. ഇപ്പോഴിതാ നിർണ്ണായകമായൊരു രാഷ്ട്രീയ വിധിയെഴുത്തിന്റെ പടിവാതിൽക്കൽ ഇന്ത്യ നിൽക്കുമ്പോൾ പ്രധാനമന്ത്രി നരേന്ദ്ര മോഡി തന്നെയാണ് ഈ വിഷയത്തിലേക്ക് ഒരു പുതിയ സംഘർഷസ്ഥിതി ഉണ്ടാക്കുമാറ് എണ്ണ പകരാൻ ശ്രമിക്കുന്നത്.




ഈ ഇന്ത്യ മതേതര ഇന്ത്യയാണ്. അതല്ലെങ്കിൽ ഇന്ത്യ ഇല്ല. അത് കോൺഗ്രസ് മറക്കാതിരിക്കട്ടെ. കോൺഗ്രസ് കളിക്കുന്ന രാഷ്ട്രീയ കളികൾ അത് രാജ്യത്തിന് എതിരാണ്. മതേതരത്വത്തിന്റെ കയട്ക്കൽ കത്തിവെയ്ക്കുന്ന നയമാണ്. അത് അവർ തിരിച്ചറിഞ്ഞാൽ നന്ന്. എല്ലാ മതങ്ങളിലും നവീനമായ ചിന്തകൾ ശക്തിപ്പെടുന്നുണ്ട്. സ്ത്രീയുടെ അവകാളശങ്ങളെപ്പറ്റി എന്നും ഒരുപോലെ പറയാമെന്ന് മതങ്ങൾ ശാഠ്യം പിടിക്കരുത്. നവീന ആശയങ്ങളെ മതങ്ങൾ ഉൾക്കൊള്ളാൻ കാലമായി. അല്ലെങ്കിൽ എല്ലാ മതങ്ങൾക്കുള്ളിലും മത ഭ്രാന്തൻമാർ ശക്തിപ്പെടും. ഇത് എല്ലാ മതങ്ങൾക്കും ബാധകമാണ്. എല്ലാ മതങ്ങൾക്കുള്ളിലും ഇരുണ്ട ആശയങ്ങളുടേയും ഇരുണ്ട ചിന്താഗതിയുടേയും ആൾക്കാരുണ്ട്. മതങ്ങൾക്കെല്ലാം ഉള്ളിൽ മതമൗലികവാദികളുണ്ട്. ഒരുമാറ്റവും പാടില്ല എന്ന് പറയുക, സ്ത്രീക്ക് എപ്പോഴും സ്ഥാനം പിന്നാമ്പുറത്താണ് എന്ന വാദം എത്രമാത്രം മതപരമാണ് എന്ന് ചിന്തിക്കണം. പ്രവാചകൻ എന്നും സ്ത്രീപക്ഷത്തായിരുന്നുവെന്നാണ് താൻ മനസ്സിലാക്കിയത്. ഭൂരിപക്ഷ വർഗ്ഗീയ ഭ്രാന്തിനെ ചെറുക്കാൻ എല്ലാ മതങ്ങളിലേയും മതനേതാക്കൾ പരിശ്രമിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഐഎൻഎൽ സംസ്ഥാന പ്രസിഡന്റ് മന്ത്രി അഹമ്മദ് ദേവർകോവിൽ അദ്ധ്യക്ഷത വഹിച്ചു. പി മോഹനൻ മാസ്റ്റർ, ഒ അബ്ദുറഹിമാൻ, കെ ഇ എൻ കുഞ്ഞഹമ്മദ്, എൻ അലിഅബ്ദുള്ള, മുസ്തഫ മുണ്ടുപാറ, അബ്ദുള്ളക്കോയ മദനി, പി എൻ അബ്ദുൽ ലത്തീഫ്, കെ എസ് ഹംസ, ഹസീന ടീച്ചർ എന്നിവർ സംസാരിച്ചു. കാസിം ഇരിക്കൂർ സ്വാഗതവും എം എ ലത്തീഫ് നന്ദിയും പറഞ്ഞു.

# 17 വർഷങ്ങൾക്കുശേഷം രമാദേവി കൊലക്കേസിൽ ഭർത്താവ് അറസ്റ്റിൽ

പത്തനംതിട്ട: രമാദേവി കൊലക്കേസിൽ ഭർത്താവ് അറസ്റ്റിൽ. കൊലപാതകം നടന്ന് 17 വർഷങ്ങൾക്കുശേഷമാണ് ജനാർദനൻ നായരെ തിരുവല്ല ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്തത്. പ്രതിയെ പിടികൂടണമെന്നാവശ്യപ്പെട്ട് ഇയാൾ തന്നെ ഹൈക്കോടതിയെ സമീപിച്ചിരുന്നു. തുടർന്നാണ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടത്. രമാദേവിയുടെ കയ്യിൽ കണ്ട മുടിയിഴകൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതി പിടിയിലായത്. 2006 മെയ് 26നാണ് കൊലപാതകം നടന്നത്. തൂത്തുകുടി സ്വദേശിയായ സമീപവാസിയാണ് കൊലപാതകി എന്നായിരുന്നു ആദ്യ നിഗമനം. എന്നാൽ പൊലീസ് അന്വേഷണത്തിൽ ഫലമില്ലാതെ വന്നതോടെയാണ് ഭർത്താവ് ഹൈക്കോടതിയെ സമീപിച്ചത്. പിന്നീട് കോടതി നിർദേശത്തെ തുടർന്ന് അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തു.



പിന്നീട് നടത്തിയ അന്വേഷണത്തിലാണ് രമാദേവിയുടെ കയ്യിൽ നിന്നും കണ്ടെത്തിയ മുടി ഭർത്താവിന്റേതാണെന്ന് കണ്ടെത്തിയത്.പ്രതി പല തവണ അന്വേഷണം അട്ടിമറിക്കാൻ ശ്രമിച്ചതായും കണ്ടെത്തി. ഭാര്യയിലുണ്ടായിരുന്ന സംശയമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്നാണ് പൊലീസ് വ്യക്തമാക്കുന്നത്.

കുറ്റം സമ്മതിച്ച പ്രതിയെ പത്തനംതിട്ട മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്.

## ഇന്നത്തെ പരിപാടി

കൊയിലാണ്ടി: എൻ.ഇ. ബാലറാം ഹാൾ റെഡ്കർട്ടനും യുവ കലാസാഹിതിയും സംഘടിപ്പിക്കുന്ന ആർട്ടിസ്റ്റ് നമ്പൂതിരി അനുസ്മരണം ഡോ. സോമൻ കടലൂർ, എൻ.ഇ. ഹരികുമാർ 4.30

# മുതലപ്പൊഴി അപകടത്തിൽ മരിച്ച നാല് മത്സ്യതൊഴിലാളികളുടെയും മൃതദേഹങ്ങൾ കണ്ടെത്തി



തിരുവനന്തപുരം: മുതലപ്പൊഴിയിൽ ഇന്നലെ മത്സ്യബന്ധന വള്ളം മറിഞ്ഞുണ്ടായ അപകടത്തിൽപെട്ട് കാണാതായ നാലാമത്തെ ആളുടെ മൃതദേഹവും കണ്ടെത്തി. കാണാതായ റോബിൻ എഡ്വിൻ എന്നയാളുടെ മൃതദേഹമാണ് കണ്ടെത്തിയത്. ഇതോടെ അപകടത്തിൽപ്പെട്ട മുഴുവൻ ആളുകളുടേയും മൃതദേഹങ്ങൾ കണ്ടെത്തി.

ഹാർബറിനു സമീപത്തു നിന്നാണ് റോബിന്റെ മൃതദേഹം കിട്ടിയത്. പുതുക്കുറിച്ചി സ്വദേശി ബിജു ആന്റണി, സുരേഷ് ഫെർണാണ്ടസ് (ബിജു 58) എന്നിവരുടെ മൃതദേഹങ്ങളും ഇന്നു കിട്ടിയിരുന്നു. വള്ളം മറിഞ്ഞ ഉടനെ തന്നെ രക്ഷപ്പെടുത്തിയ പുതുക്കുറിച്ചി സ്വദേശി കുഞ്ഞുമോന്റെ ജീവൻ രക്ഷിക്കാൻ സാധിച്ചിരുന്നില്ല.

ഇന്നലെ രാവിലെയായിരുന്നു സംഭവം. മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞു 4 തൊഴിലാളികളെ കാണാതായി എന്ന വാർത്തയാണ് ആദ്യം പുറത്തു വന്നത്.

പുതുക്കുറിച്ചി സ്വദേശി ആന്റണിയുടെ ഉടസ്ഥതയിലുള്ള വള്ളമാണ് മറിഞ്ഞത്. പുലർച്ചെ 4 മണിയോടെയാണ് അപകടം നടന്നത്. കാണാതായവരിൽ പുതുക്കുറിച്ചി സ്വദേശി കുഞ്ഞുമോനെയാണ് ആദ്യം കണ്ടെത്തിയത്. അബോധാവസ്ഥയിലുള്ള കുഞ്ഞുമോനെ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. ഗുരുതരാവസ്ഥയിലായിരുന്ന കുഞ്ഞുമോൻ ആശുപത്രിയിൽ വെച്ചാണ് മരിച്ചത്.



എവറസ്റ്റിനു സമീപം കാണാതായ സഞ്ചാരികളുടെ ഹെലികോപ്ടർ തകർന്ന നിലയിൽ കണ്ടെത്തിയപ്പോൾ

# എവറസ്റ്റിനടുത്ത് കാണാതായ കോപ്ടർ തകർന്ന നിലയിൽ; അഞ്ചു വിദേശികൾ കൊല്ലപ്പെട്ടു

കാഠ്മണ്ഡു: എവറസ്റ്റിനു സമീപം കാണാതായ സഞ്ചാരികളുടെ ഹെലികോപ്ടർ തകർന്ന നിലയിൽ കണ്ടെത്തി. ആറു പേരാണ് ഹെലികോപ്ടറിലുണ്ടായിരുന്നത്. അഞ്ചു പേരുടെ മൃതദേഹങ്ങളാണ് ലഭിച്ചത്. ഒരാളെ കാണാതായി. മാനാങ് എയർ ആണ് സഞ്ചാരികൾക്കായി ഹെലികോപ്ടർ സർവിസ് നടത്തിയിരുന്നത്. അഞ്ചു മെക്സിക്കൻ പൗരന്മാരും ഒരു നേപ്പാളി പൈലറ്റുമാണ് കാഠ്മണ്ഡുവിലേക്കുള്ള മടക്കയാത്രയിൽ ഉണ്ടായിരുന്നത്. എവറസ്റ്റിനെ കണ്ട് പറക്കാനാണുള്ള സൗകര്യമാണ് എയർ കമ്പനി ഒരുക്കിയത്. സൊലുഖുൻവ്ഹു ജില്ലയിൽ നിന്ന് രാവിലെ 10.40 ഓടെയാണ് കോപ്ടർ പറന്നുയർന്നത്. എന്നാൽ 10 മിനുട്ടിനു ശേഷം ഹെലികോപ്ടറുമായുള്ള ബന്ധം നഷ്ടമായി.

ലമാജുരയ്ക്കടുത്താണ് ഹെലികോപ്ടർ തകർന്ന നിലയിൽ കണ്ടെത്തിയത്. കാലവർഷത്തെ തുടർന്ന് കനത്ത മഴയാണ് പ്രദേശത്തുണ്ടായിരുന്നത്. മെയ് മാസത്തോടെ എവറസ്റ്റ് കയറുന്നതിന് സഞ്ചാരികൾക്കുള്ള സീസൺ അവസാനിച്ചിരുന്നു.



വെളിയത്താൻപറമ്പ് കടലാക്രമണ ദുരിതബാധിത പ്രദേശങ്ങൾ ആർച്ച് ബിഷപ്പ് സന്ദർശിക്കുന്നു

# 'വൈപ്പിൻ കടൽഭിത്തി നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണം'

വൈപ്പിൻ: വൈപ്പിൻ കടൽഭിത്തി നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കണമെന്ന് ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ആവശ്യപ്പെട്ടു. നായരമ്പലം പഞ്ചായത്തിൽ വെളിയത്താൻപറമ്പ് കടലാക്രമണ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്. 20 വർഷത്തിലേറെയായി അനുഭവിക്കുന്ന യാതനകൾ അവിടെ കൂടിയ ജനം അദ്ദേഹത്തോട് വിവരിച്ചു. സമയബന്ധിതമായി കടൽ നിർമ്മാണവും പുലിമുട്ട് നിർമ്മാണവും പൂർത്തിയാക്കാൻ സർക്കാർ തയ്യാറാകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജാതിമതഭേദമന്യേ പ്രദേശത്തെ മുഴുവൻ കുടുംബങ്ങൾക്കും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു.

അതിരൂപത ചാൻസലർ ഫാ. എബിജിൻ അറക്കൽ, കെ.ആർ.എൽ.സി.സി വൈസ് പ്രസിഡന്റ് ജോസഫ് ജൂഡ്, കെ.എൽ.സി.എ പ്രസിഡന്റ് അഡ്വ. ഷെറി ജെ. തോമസ്, എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. മാർട്ടിൻ അഴിക്കകത്ത്, അസിസ്റ്റന്റ് ഡയറക്ടർ ഫാ.ജിബിൻ മാതിരപ്പള്ളി, വരാപ്പുഴ അതിരൂപത പബ്ലിക് റിലേഷൻസ് ഡയറക്ടർ ഫാ. യേശുദാസ് പഴമ്പിള്ളി , ആക്ഷൻ കൗൺസിൽ ചെയർമാൻ ഫാ. ഡെന്നി മാത്യു പെരിങ്ങാട്ട്, ആക്ഷൻ കൗൺസിൽ കൺവീനർ ബിജു വടക്കേടത്ത്, ജോയിന്റ് കൺവീനർ ദിസി കൊച്ചുതറ, കെ.എൽ.സി.എ വരാപ്പുഴ വൈസ് പ്രസിഡന്റ് റോയി ഡിക്കൂഞ്ഞ, പി.ആർ അലോഷ്യസ് , ആന്റണി വടശ്ശേരി എന്നിവർ ആർച്ച്ബിഷപ്പിനൊപ്പം ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു.




വിസ്ഡം യൂത്ത് മാങ്കാവ് മണ്ഡലം സംഘടിപ്പിച്ച സഹവാസ ക്യാംപ് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് അസ്ഹർ ഫറോക്ക് ഉദ്ഘാടനം ചെയ്യുന്നു

# സാമൂഹ്യ തിന്മകൾക്കെതിരേ കൂട്ടമായി ശബ്ദിക്കണം: വിസ്ഡം സഹവാസ ക്യാംപ്

കോഴിക്കോട്: വിസ്ഡം യൂത്ത് മാങ്കാവ് മണ്ഡലം സംഘടിപ്പിച്ച സഹവാസ ക്യാംപ് കുളങ്ങരപീടിക ദാറു-തൻസീൽ ക്യാംപസിൽ വെച്ച് നടന്നു. വിസ്ഡം യൂത്ത് കോഴിക്കോട് ജില്ലാ വൈസ് പ്രസിഡന്റ് അസ്ഹർ ഫറോക്ക് പരിപാടി ഉദ്ഘാടനം ചെയ്തു. രണ്ടു ദിവസങ്ങളിലായി യുവാക്കൾക്കായി നടത്തിയ സഹവാസ ക്യാംപ് പ്രോഗ്രാം മികവു കൊണ്ടും യുവാക്കളുടെയും പങ്കാളിത്തം കൊണ്ടും ഏറെ ശ്രദ്ധേയമായി. സമൂഹത്തിൽ നടക്കുന്ന വിവിധങ്ങളായ തിന്മകൾക്കെതിരേ കൂട്ടമായി ശബ്ദിക്കണമെന്നും പരിഹാര മാർഗങ്ങൾ നിർദ്ദേശിക്കണമെന്നും സഹവാസ ക്യാംപ് അഭിപ്രായപ്പെട്ടു.വിസ്ഡം യൂത്ത് മാങ്കാവ് മണ്ഡലം പ്രസിഡന്റ് ശരീഫ് അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ മണ്ഡലം സെക്രട്ടറി കബീർ സി.പി ആശംസകൾ അറിയിച്ചു സംസാരിച്ചു. ജമാൽ ചെറുവാടി, സക്കീർ സലഫി, അഷ്കർ ഇബ്രാഹീം എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

മണ്ഡലം ഭാരവാഹികളായ അസ്‌ലം കൊമ്മേരി, ജംഷീർ പി.പി, നജീബ്, അൻശാസ്, ജനീഷ് കെ.പി, റിയാസ് എന്നിവർ പങ്കെടുത്തു.

# എസ്.കെ പൊറ്റെക്കാട്ട് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു



കൈതപ്രം | കെ.പി. മാത്യു | ജി.ജ്യോതിലാൽ | ലൂക്കോസ് ലൂക്കോസ് | ഹാരിസ് രാജ് | ഗിരീഷ് പെരുവയൽ

കോഴിക്കോട്: എസ്.കെ പൊറ്റെക്കാട്ട് അനുസ്മരണവേദിയും കണ്ണൂരിലെ എയറോസിസ് കോളേജ് ഓഫ് ഏവിയേഷൻ ആന്റ് മാനേജ്മെന്റ് സ്റ്റഡീസും സംയുക്തമായി ഏർപ്പെടുത്തിയ എസ്.കെ പൊറ്റെക്കാട്ട് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കൈതപ്രം ദാമോദരൻ നമ്പൂതിരി ബഹുമുഖപ്രതിഭാ പുരസ്കാരം, പ്രൊഫസർ കെ.പി.മാത്യു (നോവൽ: ഉൾക്കനൽ), ജി.ജ്യോതിലാൽ (യാത്രാവിവരണം: വാനമേ ഗഗനമേ വ്യോമമേ.... പറന്നിറങ്ങി കണ്ട പാരിടങ്ങൾ), ലൂക്കോസ് ലൂക്കോസ് (ഓർമ്മക്കുറിപ്പുകൾ: ലൂക്കോസിന്റെ സുവിശേഷങ്ങൾ), ഹാരിസ് രാജ് (മതസൗഹാർദ്ദ സന്ദേശ ഗ്രന്ഥം: സത്യവേദസാരങ്ങൾ), ഗിരീഷ് പെരുവയൽ (കവിതാ സമാഹാരം: പുള്ളിവെരുക്) എന്നിവർക്കാണ് മികച്ച പുസ്തകങ്ങൾക്കുള്ള പുരസ്കാരങ്ങൾ.

11,111 രൂപയും ശിൽപവും പ്രശസ്തിപത്രവുമടങ്ങിയ പുരസ്കാരങ്ങൾ, ആഗസ്റ്റ് 20 ഞായറാഴ്ച രാവിലെ 10 മണിക്ക് കോഴിക്കോട് അളകാപുരി ഹോട്ടലിൽ എം.കെ രാഘവൻ എം.പി, എം.എൽ.എ.മാരായ തോട്ടത്തിൽ രവീന്ദ്രൻ, നജീബ് കാന്തപുരം, സാഹിത്യകാരി ഡോക്ടർ കെ.പി സുധീര, എസ്.കെ പൊറ്റെക്കാട്ടിന്റെ മകളും സാഹിത്യകാരിയുമായ സുമിത്ര ജയപ്രകാശ് എന്നിവർ സമ്മാനിക്കുമെന്ന് എസ്.കെ പൊറ്റെക്കാട്ട് അനുസ്മരണവേദി ചെയർമാൻ റഹിം പൂവാട്ടുപറമ്പ്, എയറോസിസ് കോളേജ് എം.ഡി. ഡോക്ടർ ഷാഹുൽ ഹമീദ്, സ്വാഗത സംഘം ചെയർമാൻ ചലച്ചിത്ര നിർമ്മാതാവും നടനും കവിയും ഗാനരചയിതാവും സാഹിത്യകാരനുമായ പ്രഭാകരൻ നറുകര എന്നിവർ അറിയിച്ചു.

# ആൽക്കഹോളിക്സ്അനോനിമസ് 31ാം വാർഷികാഘോഷം നടത്തി

കോഴിക്കോട്: അമിത മദ്യാസക്തി ഒരു രോഗമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് സ്വയം മദ്യപാനത്തിൽനിന്ന് മാറിനിൽക്കുകയും മറ്റ് മദ്യാസക്തരെ രോഗശമനത്തിന് വേണ്ടി സഹായിക്കുകയും ചെയ്യുന്ന ലോക വ്യാപകകൂട്ടായ്മയായ ആൽക്കഹോളിക്സ് അനോനമിസിന്റെ കോഴിക്കോട് ജില്ലാതല 31ാം വാർഷികാഘോഷം നടത്തി. തപോവനം (ഈസ്റ്റ് ഹിൽ) ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ വിവിധ മേഖലകളിൽ സേവനകേന്ദ്രങ്ങളുടെ സേവകർ ആശംസകൾ നേർന്നു. എം.എ കോഴിക്കോടിന്റെ ചരിത്രം എന്ന വിഷയം അവതരിപ്പിച്ചു. വൈകിട്ട് അറ് മണി മുതൽ കലാവിരുന്നും അരങ്ങേറി.

# ലോയ്ഡ് ഗാലറി കോഴിക്കോട് പ്രവർത്തനം ആരംഭിച്ചു

കോഴിക്കോട്: പ്രമുഖ ഹോം അപ്ലയൻസസ് സ്ഥാപനമായ ഹാവൽസ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള എയർ കണ്ടീഷണർ ബ്രാൻ്റായ ലോയ്ഡിന്റെ കേരളത്തിലെ എക്സ്ക്ലൂസീവ് റീട്ടെയ്ൽ ഷോറൂം ലോയ്ഡ് ഗാലറി കോഴിക്കോട് പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് വെസ്റ്റ്ഹിൽ ആക്സിസ് ബാങ്കിന് സമീപം ജസ്‌ലു സെന്ററിൽ ആരംഭിച്ച പുതിയ ഷോറൂമിന്റെ ഉദ്ഘാടനം ഹാവൽസ് ഇന്ത്യ ജോയിന്റ് ജനറൽ മാനേജർ എസ്. പ്രിയേഷ് കുമാർ നിർവഹിച്ചു. ഏറ്റവും മികച്ചതും കൂടുതൽ ഫീച്ചറുകൾ ഉള്ളതുമായ എയർ കണ്ടീഷനറുകൾ ഊർജ ക്ഷമത ഉറപ്പുവരുത്തി ഉപഭോക്താക്കൾക്ക് നൽകുക എന്ന തങ്ങളുടെ വാഗ്ദാനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് ലോയ്ഡ് ഗാലറികൾ ആരംഭിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വീടിനകത്തും ഓഫീസ് മുറികളിലുമുണ്ടാകുന്ന വായു മലിനീകരണത്തിൽ നിന്ന് ഉപഭോക്താക്കളെ സുരക്ഷിതരാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളോട് കൂടിയാണ് എയർ കണ്ടീഷനറുകൾ അവതരിപ്പിക്കുന്നത്. ദക്ഷിണേന്ത്യയിലെ സാന്നിധ്യം വർധിപ്പിക്കുന്നതിൽ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എയർ കണ്ടീഷണറുകൾ, വാഷിങ് മെഷീനുകൾ, റഫ്രിജറേറ്ററുകൾ, എൽ.ഇ.ഡി, ടി.വികൾ തുടങ്ങി നിരവധി ഉൽപ്പന്നങ്ങളാണ് ലോയ്ഡ് പുറത്തിറക്കുന്നത്.



**വിധവ പഠന റിപ്പോർട്ട് ടി.ഐ.എം കോളേജ് എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ഷെറിൻ മോൾ തോമസ് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലിക്ക് കൈമാറുന്നു**

# നാദാപുരം ഗ്രാമപഞ്ചായത്തിലെ വിധവ പഠന റിപ്പോർട്ട് കൈമാറി

നാദാപുരം: ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ടി.ഐ.എം, ബി.എഡ് കോളേജ് എൻ.എസ്.എസ് യൂണിറ്റുമായി സഹകരിച്ച് തയ്യാറാക്കിയ വിധവ പഠന റിപ്പോർട്ട് ടി.ഐ.എം കോളേജ് എൻ.എസ്.എസ് യൂണിറ്റ് പ്രോഗ്രാം ഓഫീസർ ഷെറിൻ മോൾ തോമസ് പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലിക്ക് കൈമാറി. നാദാപുരം ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലായി ടി.ഐ.എം കോളേജിലെ 50 എൻ.എസ്.എസ് വിദ്യാർത്ഥികൾ 18നും 50 വയസ്സിനും ഇടയിലുള്ള 92 വിധവകളുടെ വീടുകളിൽ പോയി പ്രത്യേക ഫോർമാറ്റിൽ തയാറാക്കിയ വിവരങ്ങൾ രേഖപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയത്.

നാദാപുരം ഗ്രാമപഞ്ചായത്തിൽ 18നും 30നും ഇടയിൽ പ്രായമുള്ള വിധവകൾ രണ്ടു പേരും 30നും 40നും ഇടയിൽ പ്രായമുള്ളവർ 18 പേരും 40 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള 72 വിധവകളുമാണുള്ളത്. 40 തരത്തിലുള്ള വിശദാംശങ്ങൾ ശേഖരിച്ചതിൽ 92 വിധവകളിൽ 37 പേർ മാത്രമാണ് സംരക്ഷണത്തിന് ബന്ധുക്കൾ ഉള്ളവരായി കണ്ടെത്തിയത്.

സ്വന്തമായി വരുമാനം ഇല്ലാത്തവരാണ് ബഹുഭൂരിഭാഗവും. നൈപുണ്യ പരിശീലനങ്ങൾ, കൗൺസിലിംഗ്, ഗ്രൂപ്പ് സംരംഭം പ്രവർത്തനം, മാട്രിമോണി രജിസ്റ്റർ, നാനോ സംരംഭങ്ങൾ തുടങ്ങിയ വിധവകൾക്കാവശ്യമായ പദ്ധതികൾക്ക് തുടർ സഹായ പദ്ധതി തയ്യാറാക്കി സഹായം ലഭ്യമാക്കുന്നതാണ്. ഇതിനായി പ്രൊജക്റ്റ് സംസ്ഥാന പ്ലാനിങ് ബോർഡിന് സമർപ്പിക്കുന്നതാണ്. ഇതിന് മുന്നോടിയായി വിധവ സംഗമം നടത്തുന്നതാണ്.

നാദാപുരത്ത് 1726 പേർ വിധവാ പെൻഷൻ വാങ്ങിക്കുന്നുണ്ട്. പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഖില മര്യാട്ട്, പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ്, സ്ഥിരം സമിതി അധ്യക്ഷൻമാരായ സി.കെ നാസർ, എം.സി സുബൈർ, ജനീത ഫിർദൗസ്, പഞ്ചായത്ത് മെംബർ പി.പി ബാലകൃഷ്ണൻ, വുമൺ ഫെസിലിറ്റേറ്റർ പ്രൻസിയ ബാനു എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ശ്രീ ഗോകുലം മെഡിക്കൽ കോളേജിന്റെ അംഗീകാരം നിലനിർത്തി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഉത്തരവ്

ന്യൂഡൽഹി: ഇന്ത്യയിലെ വ്യവസായ പ്രമുഖൻ ഗോകുലം ഗോപാലൻ ചെയർമാൻ ആയ ശ്രീ ഗോകുലം മെഡിക്കൽ കോളേജിന്റെ അംഗീകാരം നിലനിർത്തി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഉത്തരവ്. അഞ്ചുവർഷം കൂടുമ്പോൾ എല്ലാ മെഡിക്കൽ കോളേജിലും നാഷണൽ മെഡിക്കൽ കമ്മീഷന്റെ പ്രത്യേക സംഘം ഇൻസ്പെക്ഷൻ നടത്തി അവരുടെ നിലവാരം പരിശോധിച്ചു ആണ് അംഗീകാരം കൊടുക്കാറുള്ളത്.

തിരുവനന്തപുരം ജില്ലയിലെ വെഞ്ഞാറമൂട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ശ്രീ ഗോകുലം മെഡിക്കൽ കോളേജ് ദക്ഷിണേന്ത്യയിലെ പ്രമുഖ മെഡിക്കൽ കോളേജുകളിൽ ഒന്നാണ്. മെഡിക്കൽ കോളേജിന്റെ ഭാഗമായ ആശുപത്രിയുടെ ഉദ്ഘാടനം 2004ൽ അന്നത്തെ മുഖ്യമന്ത്രിയായ ഉമ്മൻചാണ്ടിയാണ് നിർവഹിച്ചത്. 2005ൽ 50 മെഡിക്കൽ സീറ്റുകളോട് കൂടിയുള്ള മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനം അന്നത്തെ ഇന്ത്യൻ രാഷ്ട്രപതിയായ എ.പി.ജെ അബ്ദുൾ കലാമാണ് നിർവഹിച്ചത്.

# അധ്യാപകന്റെ കൈ വെട്ടിയ കേസ്; രണ്ടാം ഘട്ട വിചാരണയിൽ ആറ് പ്രതികൾ കുറ്റക്കാർ, ശിക്ഷ നാളെ



കൊച്ചി: തൊടുപുഴ ന്യൂമാൻ കോളജിലെ പ്രൊഫ. ടി.ജെ ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ കേസിലെ രണ്ടാം ഘട്ട വിധി പ്രസ്താവിച്ച് എൻ.ഐ.എ കോടതി. രണ്ടാം ഘട്ടത്തിൽ ആറ് പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തി. സജിൽ, നാസർ, നജീബ്, നൗഷാദ്, മൊയ്തീൻ കുഞ്ഞ്, അയൂബ് എന്നിവരാണ് കുറ്റക്കാർ. ഷഫീക്, അസീസ്, സുബൈർ, മുഹമ്മദ് റാഫി, മൻസൂർ എന്നീ അഞ്ച് പ്രതികളെ വെറുതെ വിട്ടു. ഭീകരപ്രവർത്തനം, വധശ്രമം, ഗൂഢാലോചന അടക്കമുള്ള കുറ്റങ്ങൾ തെളിഞ്ഞെന്ന് എൻ.ഐ.എ കോടതി പറഞ്ഞു. ശിക്ഷ നാളെ വിധിക്കും. ശിക്ഷിക്കപ്പെട്ട ആറ് പേരുടെയും ജാമ്യം റദ്ദാക്കി കാക്കനാട് ജയിലിൽ പാർപ്പിക്കാൻ കോടതി നിർദ്ദേശിച്ചു.

സംഭവത്തിന്റെ മുഖ്യ സൂത്രധാരനായിരുന്ന ആലുവ സ്വദേശിയും പോപ്പുലർഫ്രണ്ട് നേതാവ് എം.കെ നാസർ, കൃത്യത്തിൽ നേരിട്ട് പങ്കെടുത്ത പതിനൊന്ന് പ്രതികളുടെ വിചാരണയാണ് പൂർത്തിയായത്. ആദ്യഘട്ടത്തിൽ 37 പ്രതികളെ വിസ്തരിച്ച കോടതി 11 പേർ കുറ്റക്കാരെന്ന് കണ്ടെത്തി ശിക്ഷ വിധിച്ചിരുന്നു. പ്രധാന പ്രതികളിലൊരാളായ അശമന്നൂർ സവാദ് ഇപ്പോഴും ഒളിവിലാണ്. ആദ്യഘട്ട കുറ്റപത്രത്തിന് ശേഷം അറസ്റ്റിലായവരുടെ വിചാരണയാണ് രണ്ടാംഘട്ടത്തിൽ പൂർത്തിയാക്കിയത്.

തൊടുപുഴ ന്യൂമാൻ കോളജിലെ ബികോം മലയാളം ഇന്റേണൽ പരീക്ഷക്ക് തയാറാക്കിയ ചോദ്യപേപ്പറിൽ പ്രവാചക നിന്ദയുണ്ടെന്നാരോപിച്ചാണ് പ്രതികൾ പ്രൊഫസർ ടി.ജെ ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയത്. ഇപ്പോൾ നിരോധിത സംഘടനയായ പോപ്പുലർ ഫ്രണ്ടാണ് കൃത്യം ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമെന്നാണ് എൻ.ഐ.എ കണ്ടെത്തിയത്.

# സഹകരണ മേഖലയെ തർക്കുന്ന കേന്ദ്ര നയം തിരുത്തണം

തലശ്ശേരി:സഹകരണ മേഖലയെ തകർക്കുന്ന നിലപാടിൽ നിന്ന് കേന്ദ്ര സർക്കാർ പിന്തിരിയണമെന്ന് കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു) തലശ്ശേരി ഏരിയ സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

മുനിസിപ്പൽ ടൗൺ ഹാളിലെ കോടിയേരി ബാലകൃഷ്ണൻ നഗറിൽ കെ.സി.ഇ.യു സംസ്ഥാന ജനറൽ സെക്രട്ടറി എൻ.കെ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഇ. പ്രമോദ്, കെ.പി അരുൺ കുമാർ, എം. സീന എന്നിവരടങ്ങിയ പ്രസീഡിയം സമ്മേളനം നിയന്ത്രിച്ചു.കെ.എം ഷാജി രക്തസാക്ഷി പ്രമേയവും പി. പ്രകാശൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. എസ്.ടി ജയ്സൺ സ്വാഗതം പറഞ്ഞു. ജില്ലാ പ്രസിഡണ്ട് വി. വിനോദ് സംഘടനാ റിപ്പോർട്ടും, ഏരിയ സെക്രട്ടറി പുത്തലത്ത് സുരേഷ് ബാബു പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. യാത്രയയപ്പ് സമ്മേളനം സി.പി.ഐ.എം തലശ്ശേരി ഏരിയ സെക്രട്ടറി സി.കെ രമേശൻ ഉദ്ഘാടനം ചെയ്തു.

സി.ഐ.ടി.യു ജില്ലാ സെക്രട്ടറി ടി.പി ശ്രീധരൻ, കെ.സി.ഇ.യു സംസ്ഥാന വൈസ് പ്രസിഡണ്ട് കെ. സുജയ, സംസ്ഥാന കമ്മിറ്റിയംഗം കെ. ജയപ്രകാശൻ, അനൂപ ചന്ദ്രൻ, കെ. രമണി, പി. മുകേഷ്,എം. ബാലകൃഷ്ണൻ, എം.വി സുരേഷ് എന്നിവർ സംസാരിച്ചു.

## എൻ.എഫ്.എസ്.എ റേഷൻ ചുമട്ട് തൊഴിലാളികൾ സൂചനാ പണിമുടക്ക് നടത്തി

കോഴിക്കോട്: ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ തൊഴിലുടമ-തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ തീരുമാനിച്ച 15 ശതമാനം കൂലി വർദ്ധനവ് നടപ്പാക്കണമെന്നാവശ്യപ്പെട്ട് എൻ.എഫ്.എസ്.എ റേഷൻ ചുമട്ട് തൊഴിലാളികൾ പണിമുടക്കും മാർച്ചും നടത്തി.

റീജ്യണൽ മാനേജർ ഓഫിസിലേക്ക് നടത്തിയ മാർച്ച് എസ്.ടി.യു സംസ്ഥാന ജന. സെക്രട്ടറി യു.പോക്കർ ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു ജില്ലാ സെക്രട്ടറി സി.നാസർ അധ്യക്ഷത വഹിച്ചു. എ.ടി അബ്ദു സംസാരിച്ചു. കെ.പി മൻസൂർ സ്വാഗതവും അബ്ദുൽ ലത്തീഫ് നന്ദിയും പറഞ്ഞു. പ്രകടനത്തിന് അബ്ദുൽ ലത്തീഫ്, നദീർ, ടി.കെ അബ്ദുള്ള, പി.കെ ഷാഫി എന്നിവർ നേതൃത്വം നൽകി. വടകര എ.എം ഓഫിസിലേക്ക് നടന്ന മാർച്ച് സി.ഐ.ടി.യു ഏരിയാ സെക്രട്ടറി വി.കെ വിനു ഉദ്ഘാടനം ചെയ്തു. മടപ്പള്ളി മോഹനൻ (ഐ.എൻ.ടി.യു.സി), അഷ്റഫ് (എസ്.ടി.യു) തുടങ്ങിയവർ സംസാരിച്ചു.

# പി.ടി. ബേബിയുടെ നിര്യാണത്തിൽ അനുശോചിച്ചു




**പി.ടി.ബേബി അനുസ്മരണത്തിൽ മാതൃഭൂമി സീനിയർ എക്സിക്യൂട്ടീവ് എഡിറ്റർ വി.രവീന്ദ്രനാഥ് മുഖ്യപ്രഭാഷണം നടത്തുന്നു**

കോഴിക്കോട്: മാതൃഭൂമി സ്പോർട്സ് ന്യൂസ് എഡിറ്റർ പി.ടി. ബേബിയുടെ നിര്യാണത്തിൽ കാലിക്കറ്റ് പ്രസ് ക്ലബ്ബ് അനുശോചിച്ചു. പത്രപ്രവർത്തനത്തിന്റെ എല്ലാ മേഖലകളിലും അസാമാന്യമായ പ്രതിഭാവിലാസം പ്രകടിപ്പിച്ചയാളായിരുന്നു പി.ടി.ബേബിയെന്ന് മുഖ്യപ്രഭാഷണം നിർവഹിച്ച മാതൃഭൂമി സീനിയർ എക്സിക്യൂട്ടീവ് എഡിറ്റർ വി.രവീന്ദ്രനാഥ് അനുസ്മരിച്ചു. വ്യക്തി ജീവിതത്തിലെ വേദനകൾ അദ്ദേഹം കായിക പത്രപ്രവർത്തനത്തിലൂടെയും മനോഹരമായ പത്രരൂപകല്പനയിലൂടെയും മറക്കാൻ ശ്രമിച്ചു. ബേബിയുടെ അകാലനിര്യാണം മാതൃഭൂമിക്കും പൊതുസമൂഹത്തിനും തീരാനഷ്ടമാണെന്നും അദ്ദേഹം പറഞ്ഞു.പ്രസ്ക്ലബ്ബ് പ്രസിഡന്റ് എം.ഫിറോസ് ഖാൻ അദ്ധ്യക്ഷനായി. പ്രസ് ക്ലബ് സെക്രട്ടറി പി.എസ് രാകേഷ്, പത്രപ്രവർത്തക യൂണിയൻ സംസ്ഥാന സെക്രട്ടറി അഞ്ജന ശശി, മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ പി.പി ശശീന്ദ്രൻ, മുൻ ഡെപ്യൂട്ടി എഡിറ്റർമാരായ എൻ.പി രാജേന്ദ്രൻ, സി.പി വിജയകൃഷ്ണൻ, ടി.സുരേഷ് ബാബു, സീനിയർ ന്യൂസ് എഡിറ്റർ കെ. സജീവൻ, മുൻ സ്പോർട്സ് ന്യൂസ് എഡിറ്റർ പി.കെ രവീന്ദ്രൻ, കെ.യു.ഡബ്ല്യു.ജെ മുൻ സംസ്ഥാന പ്രസിഡന്റ് കമാൽ വരദൂർ, ദീപക് ധർമ്മടം, കെ.സുരേഷ്, പി.വി നജീബ് എന്നിവർ സംസാരിച്ചു.

# ജർമ്മനിയിൽ നഴ്സുമാർക്ക് വൻ അവസരങ്ങളുമായി നോർക്ക റൂട്ട്സ്- ട്രിപ്പിൾ വിൻ നാലാം ഘട്ടം (2023)

## ജൂലൈ 15 മുതൽ അപേക്ഷിക്കാം

കേരളത്തിൽ നിന്നും ജർമ്മനിയിലേക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റിനായുള്ള നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ പദ്ധതിയുടെ നാലാം ഘട്ടത്തിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഉദ്യോഗാർത്ഥികൾക്ക് 2023 ജൂലൈ 15 മുതൽ അപേക്ഷകൾ സമർപ്പിക്കാം. ജനറൽ നഴ്സിംങ് അല്ലെങ്കിൽ ബി.എസ്.സി നഴ്സിങ് എന്നിവയാണ് അടിസ്ഥാന യോഗ്യത. ജനറൽ നഴ്സിങ് മാത്രം പാസായ ഉദ്യോഗാർത്ഥികൾക്ക് 3 വർഷത്തെ പ്രവർത്തി പരിചയം നിർബന്ധമുണ്ട്. എന്നാൽ ബി.എസ്.സി നഴ്സിങ് ,പോസ്റ്റ് ബി എസ് സി നഴ്സിങ് എന്നിവ നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക തൊഴിൽ പരിചയം നിർബന്ധമില്ല. ഉയർന്ന പ്രായ പരിധി 39 വയസ്സായിരിക്കും. 1985 ജനുവരി 1 ന് മുമ്പ് ജനിച്ചവർ അപേക്ഷിക്കേണ്ടതില്ല. 2023 സെപ്റ്റംബർ മാസത്തിലാകും ഇന്റർവ്യൂ നടക്കുക. ആദ്യ ഘട്ടങ്ങളിലേതുപോലെ നാലാം ഘട്ടത്തിലും 300 നഴ്സുമാർക്കാണ് അവസരം.

അപേക്ഷയ്ക്കും കൂടുതൽ വിവരങ്ങൾക്കും www.norkaroots.org, www.nifl.norkaroots.org എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്. കേരളീയരായ നഴ്സുമാർക്ക് മാത്രമാകും ട്രിപ്പിൽ പദ്ധതിയിലേക്ക് അപേക്ഷിക്കാനാവുക. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഭാഷാ പരിശീലനം 2023 ഡിസംബർ മാസം ആരംഭിക്കുന്നതാണ്. ജർമ്മൻ ഭാഷയിൽ എ1, എ2, ബി1 വരെയുള്ള പരിശീലനം പൂർണ്ണമായും സൗജന്യമായിരിക്കും. തുടർന്ന് ജർമ്മനിയിൽ നിയമനത്തിനുശേഷം ജർമ്മൻ ഭാഷയിൽ ബി.2 ലെവൽ പരിശീലനവും ലഭിക്കും.

നോർക്ക റൂട്ട്സും ജർമ്മൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസിയും ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷനും സംയുക്തമായി നടപ്പാക്കുന്ന നഴ്സുമാരുടെ റിക്രൂട്ട്മെന്റ് പദ്ധതിയാണ് ട്രിപ്പിൾ വിൻ. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# കേരള വനിതാ കമ്മിഷൻ; വനിതാ കമ്മിഷൻ സിറ്റിങ്ങിൽ 8 പരാതികൾ തീർപ്പാക്കി

കേരള വനിതാ കമ്മിഷൻ കോഴിക്കോട് ജില്ലയിൽ നടത്തിയ സിറ്റിങ്ങിൽ എട്ട് പരാതികൾ തീർപ്പാക്കി. നാല് പരാതികളിൽ വിശദമായി പൊലീസ് റിപ്പോർട്ട് തേടും. ഒരു പരാതി ജാഗ്രതാ സമിതിയുടെ പരിഗണനയ്ക്ക് വിട്ടു.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച സിറ്റിങ്ങിൽ കമ്മിഷൻ ചെയർപേഴ്സൺ അഡ്വ. പി.സതീദേവി, അംഗം അഡ്വ. പി.കുഞ്ഞായിഷ, ഡയറക്ടർ ഷാജി സുഗുണൻ എന്നിവർ പരാതികൾ കേട്ടു.


## ഇന്റഗ്രേറ്റഡ് ബിഎഡ് ചെയ്യാം എൻഐടി കാലിക്കറ്റിൽ

കോഴിക്കോട്: നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ടെക്നോളജി കാലിക്കറ്റിൽ ഈ വർഷം മുതൽ നാലുവർഷത്തെ ഇന്റഗ്രേറ്റഡ് ബിഎസ്സി-ബിഎഡ് ആരംഭിക്കും. രണ്ട് ഐഐടികളും നാല് എൻഐടികളും ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കാണ് ഈ വർഷം മുതൽ ഇന്റഗ്രേറ്റഡ് ബിഎഡ് നടത്താൻ അനുമതി ലഭിച്ചിട്ടുള്ളത്. ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിന് (ഐടിഇപി) കീഴിലാണ് പുതിയ കോഴ്സുകൾക്ക് അനുമതി ലഭിച്ചത്. മുഴുവൻ അധ്യാപക വിദ്യാഭ്യാസമേഖലയുടെയും പുനരുജ്ജീവനത്തിന് ഗണ്യമായ സംഭാവന നൽകുകയാണ് പുതിയ പ്രോഗ്രാം ലക്ഷ്യമിടുന്നത്. ആഗോളനിലവാരം ഉൾക്കൊണ്ട്, മൾട്ടി ഡിസിപ്ലിനറി രീതിയിൽ ഈ പ്രോഗ്രാം പൂർത്തിയാക്കി പുറത്തുപോകുന്ന അധ്യാപകർ ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുമെന്നും ദേശീയവിദ്യാഭ്യാസനയം പ്രാവർത്തികമാക്കാൻ വിദ്യാഭ്യാസമേഖലയെ സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു.

എൻഐടിസിയിൽ ആരംഭിക്കുന്നത് ബിഎസ്സി- ബിഎഡ് പ്രോഗ്രാം ആയതു കൊണ്ടു തന്നെ പ്ലസ്ടു സയൻസ് എടുത്ത വിദ്യാർത്ഥികൾക്കാണ് പ്രവേശനംലഭിക്കുക. നാഷണൽടെസ്റ്റിംഗ് ഏജൻസി നടത്തുന്ന പ്രവേശനപരീക്ഷയിലൂടെയാണ് പ്രവേശനപ്രക്രിയകൾ പൂർത്തീകരിക്കുക.

ഈ പ്രോഗ്രാമിലേക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് www.nta.ac.in, https://ncet.samarth.ac.in, https://ncte.gov.in ഈവെബ്സൈറ്റുകൾ സന്ദർശിച്ച് അപേക്ഷകൾ അയക്കാവുന്നതാണ്.

# ഹൃദയ ചികിത്സാ രംഗത്ത് നൂതന പാത വെട്ടിത്തുറന്ന് ഡോ.കുഞ്ഞാലി



**പി.ടി നിസാർ**

ആൻഡമാൻ നിക്കോബാർ ദ്വീപ്, ശ്രീലങ്ക, ലക്ഷദ്വീപ്, മാലി ദ്വീപ്, നേപ്പാൾ, അമേരിക്ക, ഇംഗ്ലണ്ട്, അയർലന്റ്, സ്വിറ്റ്സർലന്റ്, യു.എ.ഇ, ബഹറൈൻ, ഖത്തർ, ഒമാൻ, സൗദി അറേബ്യ, ഫിജി ഐലന്റ്, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നടക്കം രോഗികൾ അദ്ദേഹത്തെ തേടിയെത്താറുണ്ട്.

എല്ലാ ജീവിതങ്ങൾക്കും മഹത്തായ നിയോഗങ്ങൾ ഉണ്ടെങ്കിലും എവിടെയോ വരുന്ന ഓർമ്മതെറ്റ് പോലെ പലർക്കും ലക്ഷ്യം കാണാനാവാതെ വരും. എന്നാൽ നിയോഗങ്ങൾ മനുഷ്യ ജീവിതങ്ങൾക്ക് പുതുവെളിച്ചം പകരുന്നതായാൽ അത് കൂടുതൽ അർത്ഥപൂർണ്ണമാവും.

നമുക്കിടയിൽ മനുഷ്യ ജീവിതങ്ങൾക്ക് താങ്ങും, തണലുമായി പരിലസിക്കുന്ന ഒരു മഹത് വ്യക്തിത്വമുണ്ട് അതാണ് ഡോ.കെ.കുഞ്ഞാലി. ഹൃദയ ചികിത്സാ രംഗത്ത് അദ്ദേഹം അമ്പത് വർഷം പിന്നിട്ടിരിക്കുന്നു. കോഴിക്കോട്ടും ഇടക്കാലത്ത് റിയാദിലും സേവനമനുഷ്ഠിച്ച് ഹൃദയ ചികിത്സാ രംഗത്ത് വേറിട്ട പാത തന്നെ അദ്ദേഹം വെട്ടിത്തുറന്നിരിക്കുകയാണ്. ഹൃദയത്തിന് ബ്ലോക്കുണ്ടായാൽ ശസ്ത്രക്രിയ തന്നെ വേണമെന്ന പരമ്പരാഗത വൈദ്യശാസ്ത്ര കാഴ്ചപ്പാടാണ് അദ്ദേഹം മാറ്റിക്കുറിച്ചത്. നാല് പതിറ്റാണ്ടുകൾക്ക് മുൻപ് കാർഡിയോളജി ഡോക്ടറായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചിരുന്ന കാലത്ത്, ഹൃദയ സംബന്ധമായ അസുഖങ്ങളുള്ളവരെ ചികിത്സിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രൊഫസർ തന്നെ പറഞ്ഞിരുന്നത് ബൈപാസ് സർജറി വേണമെന്നായിരുന്നു. ഹൃദയത്തിന് ബ്ലോക്കുണ്ടായാൽ അക്കാലത്ത് സർജറി മാത്രമായിരുന്നു ചികിത്സാ രീതി.

സർജറി ചെയ്യാൻ നിർദ്ദേശിച്ച്, സർജറി ചെയ്തവരിൽ പലരും പിന്നീട് ജീവിച്ചിരിപ്പില്ലെന്ന് പരിശോധിച്ചപ്പോൾ വ്യക്തമായി. എന്നാൽ സർജറി പേടിച്ചോ, പണമില്ലാതെയോ സർജറി ചെയ്യാതിരുന്നവർ പലരും ജീവിച്ചിരിപ്പുള്ളതായും കണ്ടെത്താൻ കഴിഞ്ഞു. ഈ യാഥാർത്ഥ്യം ഡോക്ടറെ മാറി ചിന്തിക്കാൻ പ്രേരിപ്പിച്ചു. ഹൃദയത്തിന്റെ രക്തക്കുഴലുകൾ അടഞ്ഞു പോയാൽ അത് തുറക്കാൻ സാധിക്കില്ലെന്ന മെഡിക്കൽ വിദഗ്ധരുടെ അഭിപ്രായം ശരിയാണോ എന്ന അന്വേഷണമായിരുന്നു പിന്നീട്. കാലമേറെക്കഴിഞ്ഞ് നടത്തിയ പഠനത്തിലൂടെ ഒരു കാര്യം അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിഞ്ഞു.

രണ്ടാം ലോക മഹായുദ്ധത്തിൽ വെടിയേറ്റ് മരിച്ചവരും തടവിലാക്കപ്പെട്ട് മരിച്ചവരുമായ പട്ടാളക്കാരുണ്ടായിരുന്നു.അവരുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ കണ്ടെത്തിയത്, വെടിയേറ്റ് മരിച്ചവർക്ക് ഹൃദയത്തിൽ രണ്ട് മൂന്ന് ബ്ലോക്കുകളുണ്ടായിരുന്നു. എന്നാൽ തടവിലാക്കപ്പെട്ട് ഭക്ഷണം വേണ്ടത്ര ലഭ്യമല്ലാതിരുന്ന പട്ടാളക്കാർക്ക് ഹൃദയത്തിൽ ബ്ലോക്കില്ലായിരുന്നു. തടവിലാക്കപ്പെട്ടവർക്ക് ജയിലുകളിൽ കഠിനമായ ജോലിയും ആവശ്യത്തിന് ഭക്ഷണവും ലഭിച്ചിരുന്നില്ല. യുദ്ധത്തിൽ തടവുകാരായി പിടിക്കുമ്പോൾ അവർക്കുണ്ടായിരുന്ന തൂക്കം പിൽക്കാലത്ത് വളരെ കുറഞ്ഞിരുന്നു.

ഇതിൽ നിന്നും ഭക്ഷണ നിയന്ത്രണം, വ്യായാമം, ആവശ്യത്തിനുള്ള മരുന്നും കഴിച്ചാൽ ബ്ലോക്ക് കുറയ്ക്കാനാവുമെന്ന് അദ്ദേഹം കണ്ടെത്തി. കാർഡിയോളജി ഡോക്ടറായിരുന്ന ആദ്യ കാലങ്ങളിൽ പ്രതിവർഷം ആയിരത്തിലധികം പേർക്ക് സർജറി നിർദ്ദേശിക്കാറുണ്ടായിരുന്നു.

എന്നാൽ ഇപ്പോൾ അദ്ദേഹം നാമ മാത്ര രോഗികൾക്ക് മാത്രമേ സർജറി നിർദ്ദേശിക്കാറുള്ളൂ. ഈ ചികിത്സാ രീതിയിലൂടെ രോഗം ഭേദമായ ആയിരക്കണക്കിന് പേർ ഇന്ന് നമുക്കിടയിലുണ്ട്.

ഒരു രോഗി ഡോക്ടറെ കാണാൻ വന്നാൽ, ട്രഡ്മിൽ, എക്കോ എന്നിവക്ക് ശേഷം പോസിറ്റീവ് ആണെങ്കിൽ ആൻജിയോഗ്രാം നടത്താതെ ചികിത്സിക്കാറായിരുന്നു പതിവ്. മിക്ക രോഗികളും രോഗ ലക്ഷണം കാണിക്കില്ല. 6 മാസം കഴിഞ്ഞോ മറ്റോ അവർ മറ്റൊരു കാർഡിയോളജിസ്റ്റിനെ കാണുമ്പോൾ ആ ഡോക്ടർ പറയും ഈ രോഗിക്ക് ബ്ലോക്കുണ്ടായിരുന്നില്ലെന്ന്.

അതുകൊണ്ട് തന്നെ ഇപ്പോൾ ആൻജിയോഗ്രാം ചെയ്തതിനു ശേഷം മാത്രമാണ് ചികിത്സ നടത്തുന്നത്. പരിശോധനകൾക്ക് ശേഷം രോഗിക്ക് 10 ദിവസത്തേക്കുള്ള ജീവിത രീതി പഠിപ്പിക്കും.

ഭക്ഷണ രീതി, വ്യായാമം, യോഗ, റിലാക്സേഷൻ ടെക്നിക്ക്, ഷുഗർ, പ്രഷർ, കൊളസ്ട്രോൾ ഉണ്ടെങ്കിൽ അതിനുള്ള മരുന്നും നിർദ്ദേശിക്കും. കോഴിക്കോട്ടെ പ്രമുഖ ഹോസ്പിറ്റലിൽ നിന്ന് 3 ദിവസം മാത്രം ജീവിക്കുമെന്ന് പറഞ്ഞ രോഗി ഡോക്ടറെ കാണാനെത്തുകയും ചികിത്സക്ക് ശേഷം 10 വർഷം കഴിഞ്ഞ് അതേ ഹോസ്പറ്റലിൽ പരിശോധിച്ചപ്പോൾ ഹൃദയത്തിന് ഒരു അസുഖവുമില്ലെന്ന റിപ്പോർട്ട് നൽകിയിട്ടുണ്ട്.ഡോക്ടറെ തേടി നമ്മുടെ രാജ്യവും കടന്ന് രോഗികൾ വരുന്നുണ്ട്.

ആൻഡമാൻ നിക്കോബാർ ദ്വീപ്, ശ്രീലങ്ക, ലക്ഷദ്വീപ്, മാലി ദ്വീപ്, നേപ്പാൾ, അമേരിക്ക, ഇംഗ്ലണ്ട്, അയർലന്റ്, സ്വിറ്റ്സർലന്റ്, യു.എ.ഇ, ബഹറൈൻ, ഖത്തർ, ഒമാൻ, സൗദി അറേബ്യ, ഫിജി ഐലന്റ്, സിംഗപ്പൂർ, മലേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നടക്കം രോഗികൾ അദ്ദേഹത്തെ തേടിയെത്താറുണ്ട്. അവരിൽ പലരും വർഷങ്ങളായി ഡോക്ടറുടെ നിർദ്ദേശത്തിലൂടെ ജീവിക്കുന്നവരാണ്.രോഗം മാറി സാധാരണ ജീവിതം നയിക്കുന്നവരും ഉണ്ട്.

ഡോക്ടർ കാണാൻ നിർദ്ദേശിച്ചിട്ടില്ലെങ്കിലും ചിലർ നന്ദി സൂചകമായി ഇടയ്ക്ക് ഡോക്ടറെ കാണാനെത്തും. ഹൃദയ ശസ്ത്രക്രിയ വേണമെന്ന് പറഞ്ഞിടത്ത് അത് ചെയ്യാതെ കുഞ്ഞാലി ഡോക്ടറെ കാണുകയും ഡോക്ടറുടെ ചികിത്സാ രീതി പിന്തുടരുകയും ചെയ്യുന്നവരാണിവർ. 30 വർഷം കഴിഞ്ഞവർവരെ അക്കൂട്ടത്തിലുണ്ട്.

ഒരു കാര്യം ഡോക്ടർ എല്ലാ രോഗികളോടും വ്യക്തമായി പറയാറുണ്ട്. പരിശോധനകൾക്ക് ശേഷം നിർദ്ദേശിക്കുന്ന മരുന്നുകൾ നിർദ്ദേശിക്കുന്ന കാലം വരെ കൃത്യമായി കഴിക്കണം, ചിട്ടയായ ജീവിതം നയിക്കണം, ഭക്ഷണം ക്രമീകരിക്കണം, വ്യായാമം ചെയ്യണം. ഹൃദയ ചികിത്സാ രംഗത്ത് ഡോ.കുഞ്ഞാലി വെട്ടിത്തുറന്ന ഈ പാത ശാസ്ത്രീയമാണെന്ന് തെളിയിക്കുന്ന ആയിരക്കണക്കിന് രോഗം ഭേദമായവർ നമുക്കിടയിലുണ്ട്.

അതുതന്നെയാണ് ഹൃദയ ചികിത്സാ രംഗത്ത് അദ്ദേഹം അവലംബിച്ച ചികിത്സാ രീതിയുടെ സാക്ഷ്യപത്രവും.





ബംഗ്ലാദേശിന്റെ വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം

# വിംബിൾഡൻ: ഇഗയും പെഗുലയും പുറത്ത്

ലണ്ടൻ: ഇഗ സെയ്ത്വക് വിംബിൾഡനിൽനിന്ന് പുറത്ത്. ഇന്നലെ നടന്ന ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ഉക്രൈൻ താരം എലിന സ്വിറ്റോളിനയോട് പരാജയപ്പെട്ടാണ് ഇഗ പുറത്തായത്. സ്കോർ. 57,76,26. ആദ്യ സെറ്റ് ഇഗക്ക് നഷ്ടപ്പെട്ടെങ്കിലും രണ്ടാം സെറ്റിൽ ശക്തമായ തിരിച്ചുവരവ് നടത്തിയ ഇഗ പ്രതീക്ഷ കാത്തു. എന്നാൽ മൂന്നാം സെറ്റിൽ സ്വിറ്റോളിനക്ക് മുന്നിൽ പിടിച്ചുനിൽക്കാൻ പോളിഷ് താരത്തിന് കഴിഞ്ഞില്ല. മറ്റൊരു മത്സരത്തിൽ അമേരിക്കൻ താരം ജെസിക്ക പെഗുല ചെക്ക് റിപ്പബ്ലിക് താരം വൊണ്ടൊർസോവോട് തോറ്റ് പുറത്തായി. സ്കോർ. 46,62,64.



ഇഗ സെയ്ത്വക്

# ബംഗ്ലാദേശിനെതിരായ ടി20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ വനിതകൾക്ക് ജയം

ബംഗ്ലാദേശിനെതിരായ ടി20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യൻ വനിതകൾക്ക് ജയം. ആവേശകരമായ മത്സരത്തിൽ എട്ട് റൺസിന് ബംഗ്ലാദേശിനെ പരാജയപ്പെടുത്തി. കുറഞ്ഞ സ്കോറിംഗ് മത്സരത്തിൽ മിന്നുന്ന പ്രകടനം നടത്തിയ ഇന്ത്യൻ ബൗളർമാരാണ് ടീമിനെ വിജയത്തിലെത്തിച്ചത്. ഇന്ത്യക്കായി ദീപ്തി ശർമ്മയും ഷെഫാലിയും 3 വിക്കറ്റുകൾ നേടിയപ്പോൾ മിന്നു മണി 2 വിക്കറ്റും വീഴ്ത്തി.

ധാക്കയിൽ നടന്ന രണ്ടാം ടി20യിൽ ടോസ് നേടിയ ഇന്ത്യൻ വനിതകൾ ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു. നിശ്ചിത ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 95 റൺസ് മാത്രമാണ് ബോർഡിൽ ചേർക്കാനായത്. 19 റൺസെടുത്ത ഓപ്പണർ ഷെഫാലി വർമായാണ് ഇന്ത്യയുടെ ടോപ് സ്കോറർ. സ്മൃതി മന്ധാന (13), യസ്തിക ഭാട്ടിയ (11), ദീപ്തി ശർമ (10), അമൻജോത് കൗർ (14) എന്നിവരാണ് രണ്ടക്കം കടന്ന മറ്റുള്ളവർ.

ഹർലീൻ ഡിയോൺ ആറ് റൺസും ജെമിമ റോഡ്രിഗസ് എട്ട് റൺസുമായും മടങ്ങി. അവസാന ബാറ്ററായി ക്രീസിലെത്തിയ മിന്നു മൂന്ന് പന്തിൽ ഒരു ഫോർ സഹിതം അഞ്ച് റൺസുമായി പുറത്താകാതെ നിന്നു.

മിന്നുവിനൊപ്പം പൂജ വസ്ത്രാക്കറും(7) പുറത്താകാതെ നിന്നു. ബംഗ്ലാദേശിനായി സുൽത്താന ഖാത്തൂൺ മൂന്ന് വിക്കറ്റ് വീഴ്ത്തി. ഫാഹിമ ഖാത്തൂണിന് രണ്ട് വിക്കറ്റ് ലഭിച്ചു. മറുഫ അക്തർ, നഹിദ അക്തർ, റബീയ ഖാൻ എന്നിവർ ഓരോ വിക്കറ്റും വീതം വീഴ്ത്തി.ബംഗ്ലാദേശിന്റെ ഓപ്പണർമാരായ ഷമീമ സുൽത്താനയും ഷാതി റാണിയും അഞ്ച് റൺസ് വീതം നേടി പുറത്തായി. തൊട്ടുപിന്നലെ മുർഷിദ ഖാത്തൂൺ നാല് റൺസിനും റിതു മോനിയും നാല് റൺസിനും പുറത്ത്. പിന്നീട് ഒന്നിച്ച ഷൊർണ അക്തറും ക്യാപ്റ്റൻ നിഗർ സുൽത്താനയും ചേർന്ന് അഞ്ചാം വിക്കറ്റിൽ 34 റൺസ് കൂട്ടിച്ചേർത്തു. പിന്നാലെ ഏഴു റൺസെടുത്ത ഷൊർണ പുറത്തായി. അധികം വൈകാതെ 55 പന്തിൽ രണ്ട് ബൗണ്ടറികളുടെ സഹായത്തോടെ 38 റൺസെടുത്ത് ക്യാപ്റ്റൻ നിഗർ സുൽത്താനയും പവലിയനിലേക്ക് മടങ്ങി.

അവസാന ഓവറിൽ 10 റൺസായിരുന്നു ബംഗ്ലാദേശിന് വേണ്ടിയിരുന്നത്. ഷഫാലി വർമ ബൗൾ ചെയ്യാനെത്തി. ഈ ഓവറിൽ ആകെ നാല് വിക്കറ്റുകളാണ് വീണത്.

നഹിദ അക്തർ (6), ഫാഹിമ ഖാത്തൂൺ (0), മറുഫ അക്തർ (0) എന്നിവരെ ഷെഫാലി പുറത്താക്കിയപ്പോൾ റബീയ ഖാൻ (0) റണ്ണൗട്ടായി. ഇതോടെ ബംഗ്ലാദേശിന്റെ പോരാട്ടം 87 റൺസിൽ അവസാനിച്ചു. ഇന്ത്യയ്ക്കായി ദീപ്തി ശർമ്മയും ഷെഫാലിയും 3 വിക്കറ്റുകൾ വീഴ്ത്തി. അതേസമയം മിന്നു മണി രണ്ട് വിക്കറ്റ് വീഴ്ത്തി. ബറെഡി അനുഷയ്ക്ക് ഒരു വിക്കറ്റ് ലഭിച്ചു. ആദ്യ മത്സരത്തിൽ ഇന്ത്യ 7 വിക്കറ്റിന് ജയിച്ചിരുന്നു. പരമ്പരയിലെ മൂന്നാം മത്സരം ജൂലൈ 13ന് നടക്കും.

# മെസിക്കെതിരെ കളിക്കുന്നത് എപ്പോഴും സന്തോഷം; കാസിമെറോ

ബ്രസീലിയ: അർജന്റൈൻ നായകൻ ലിയോണൽ മെസിയെ പ്രശംസിച്ച് ബ്രസീൽ സൂപ്പർ താരം കാസിമെറോ. മെസിക്കെതിരെ കളിക്കുന്നത് എപ്പോഴും സന്തോഷം നൽകിയെന്നാണ് കാസിമെറോയുടെ വാക്കുകൾ. മറഡോണ, പെലെ എന്നീ താരങ്ങളുടെ മത്സരം താൻ കണ്ടിട്ടില്ല. പക്ഷേ തന്റെ തലമുറയിലെ മൂന്ന് ഇതിഹാസങ്ങൾക്കൊപ്പം താൻ കളിച്ചിട്ടുണ്ടെന്ന് കാസിമെറോ പറഞ്ഞു. ലിയോണൽ മെസി, ക്രിസ്റ്റ്യാനോ റൊണാൾഡോ, നെയ്മർ ജൂനിയർ എന്നിവരാണ് ആ താരങ്ങളെന്ന് ബ്രസീലിയൻ മധ്യനിര താരം പറഞ്ഞു.

മെസി ഒരു യുഗം സൃഷ്ടിച്ചതായും കാസിമെറോ പറയുന്നു. ബാഴ്സിലോണയിലും അർജന്റീനയിലും മെസി എതിരാളി ആയിരുന്നപ്പോൾ മത്സരം കൂടുതൽ കഠിനമാക്കി. ഫുട്ബോളിനെ സ്നേഹിക്കുന്നവർ മെസിയെയും ഇഷ്ടപ്പെടുന്നു.



എന്നാൽ മെസി അർജന്റീനയെ ലോകജേതാക്കളാക്കിയ മത്സരം താൻ കണ്ടില്ലെന്നും കാസിമെറോ വെളിപ്പെടുത്തി. ലോകകപ്പിൽ ബ്രസീൽ പുറത്തായതോടെ താൻ ഫുട്ബോളിനെ വെറുത്തു. പിന്നീടുള്ള മത്സരങ്ങൾ തനിക്ക് ആസ്വദിക്കാൻ കഴിഞ്ഞില്ലെന്നും കാസിമെറോ വ്യക്തമാക്കി.

16 സീസണുകളിൽ ബാഴ്സിലോണയ്ക്ക് വേണ്ടി കളിച്ച മെസി 672 ഗോളുകളും 303 അസിസ്റ്റുകളും സ്വന്തമാക്കി. 778 മത്സരങ്ങളിൽ നിന്നായിരുന്നു മെസിയുടെ നേട്ടം. ഒൻപത് വർഷമാണ് കാസിമെറോ റയൽ മാഡ്രിഡിനായി കളിച്ചത്. 18 കിരീടങ്ങൾ റയൽ ഇക്കാലയളവിൽ സ്വന്തമാക്കി. അഞ്ച് ചാമ്പ്യൻസ് ലീഗും മൂന്ന് ലാലീഗയും ഉൾപ്പടെയാണ് കാസിമെറോയുടെ നേട്ടം.




# ഹസരംഗ മികച്ചതാരം

ദുബൈ: ഐ.സി.സിയുടെ 2023 ജൂണിലെ ഏറ്റവും മികച്ച പുരുഷതാരമായി ശ്രീലങ്കയുടെ വാനിന്ദു ഹസരംഗ. ലോകകപ്പ് യോഗ്യതാമത്സരങ്ങളിലെ തകർപ്പൻ പ്രകടനമാണ് ഹസരംഗയ്ക്ക് തുണയായത്. ഓസീസ് താരം ട്രാവിസ് ഹെഡ്, സിംബാബ്‌വെയുടെ ഷോൺ വില്യംസ് എന്നിവരെ മറികടന്നാണ് ഹസരംഗ പുരസ്കാരം സ്വന്തമാക്കിയത്. ലോകകപ്പ് യോഗ്യതാ മത്സരങ്ങളിൽ നിന്ന് 26 വിക്കറ്റുകളാണ് ഹസരംഗ വീഴ്ത്തിയത്. ഹസരംഗയുടെ മികവിൽ ശ്രീലങ്ക ലോകകപ്പ് യോഗ്യതാ റൗണ്ട് കിരീടം സ്വന്തമാക്കിയിരുന്നു. യോഗ്യതാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ വിക്കറ്റ് വീഴ്ത്തിയതും ഹസരംഗയാണ്. 25 കാരനായ ഹസരംഗ ലോകകപ്പ് യോഗ്യതാ മത്സരങ്ങളിൽ കളിക്കുമ്പോൾ ലോകറെക്കോഡ് സ്ഥാപിച്ചിരുന്നു. തുടർച്ചയായി മൂന്ന് ഏകദിന മത്സരങ്ങളിൽ അഞ്ചുവിക്കറ്റ് വീഴ്ത്തിയ രണ്ടാമത്തെ താരം എന്ന റെക്കോഡാണ് ഹസരംഗ സ്വന്തമാക്കിയത്.




# കാലാവസ്ഥ അനുകൂലമല്ല 'വോയ്സ് ഓഫ് സത്യനാഥൻ' റിലീസ് മാറ്റിവെച്ചു

ജൂലായ് 14-ന് റിലീസ് ചെയ്യാനിരുന്ന 'വോയ്സ് ഓഫ് സത്യനാഥൻ' എന്ന ദിലീപ് ചിത്രത്തിന്റെ റിലീസ് മാറ്റിവെച്ചു. ചിത്രം ജൂലായ് 28-ലേക്കാണ് നീട്ടിവെച്ചിരിക്കുന്നത്.

കാലാവസ്ഥ പ്രതികൂലമായതിനാലും വരും ദിവസങ്ങളിൽ വീണ്ടും മഴ കനക്കും എന്നുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലുമാണ് തീരുമാനമെന്ന് നിർമ്മാതാക്കൾ അറിയിച്ചു. റാഫി സംവിധാനം ചെയ്യുന്ന ചിത്രം കുടുംബ പ്രേക്ഷകർക്ക് ആസ്വദിക്കാൻ സാധിക്കുന്ന ഫൺ റൈഡ് ആയിരിക്കുമെന്ന് ദിലീപ് പറഞ്ഞു.

ജോജു ജോർജ്, അനുപം ഖേർ, മകരന്ദ് ദേശ്പാണ്ഡെ, അലൻസിയർ ലോപ്പസ്, ജഗപതി ബാബു, ജാഫർ സാദിഖ് (വിക്രം ഫെയിം), സിദ്ദിഖ്, ജോണി ആന്റണി, രമേഷ് പിഷാരടി, ജനാർദ്ദനൻ, ബോബൻ സാമുവൽ, ബെന്നി പി നായരമ്പലം, ഫൈസൽ, ഉണ്ണിരാജ, വീണാ നന്ദകുമാർ, സ്മിനു സിജോ, അംബിക മോഹൻ എന്നിവരാണ് മറ്റ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.

ബാദുഷ സിനിമാസിന്റേയും ഗ്രാന്റ് പ്രൊഡക്ഷൻസിന്റേയും ബാനറിൽ എൻ.എം ബാദുഷ, ഷിനോയ് മാത്യു, ദിലീപ്,രാജൻ ചിറയിൽ എന്നിവർ ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.

# സ്ത്രീകൾക്ക് ഫുട്ബോൾ മത്സരങ്ങൾ ഇനി സ്റ്റേഡിയത്തിൽ കാണാം'; അനുമതി നൽകി ഇറാൻ

ടെഹ്റാൻ: സ്ത്രീകൾക്ക് സ്റ്റേഡിയത്തിൽ പ്രവേശനം അനുവദിച്ച് ഇറാൻ ഫുട്ബോൾ ഫെഡറേഷൻ.

അപൂർവ സന്ദർഭങ്ങളിൽ മാത്രമേ ഇറാനിലെ സ്ത്രീകൾക്ക് സ്റ്റേഡിയത്തിലെത്തി ഫുട്ബോൾ മത്സരം കാണുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നുള്ളൂ. ദീർഘകാലമായി നിലനിന്നിരുന്ന വിലക്ക് പിൻവലിച്ചെന്ന് ഇറാൻ ഫുട്ബോൾ ഫെഡറേഷൻ മേധാവി മെഹ്ദി താജ് അറിയിച്ചു. ഇറാൻ പ്രോ ലീഗ് ഫുട്ബോൾ ടൂർണമെന്റ് ആരംഭിക്കാനിരിക്കെയാണ് പ്രഖ്യാപനം.

'ഈ വർഷത്തെ ലീഗിന്റെ പ്രധാന സവിശേഷതകളിൽ ഒന്ന് സ്റ്റേഡിയങ്ങളിൽ സ്ത്രീകൾക്കും പ്രവേശനം ലഭിക്കും എന്നതാണ്', ഇറാൻ ടോപ ലെവൽ ഫുട്ബോൾ ലീഗിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കവേ മെഹ്ദി താജ് പറഞ്ഞു. ഇറാനിലെ ഏറ്റവും വലിയ ഫുട്ബോൾ ലീഗ് ആണ് പേർഷ്യൻ ഗൾഫ് പ്രോ ലീഗ് (ഇറാൻ പ്രോ ലീഗ്). അടുത്ത മാസം ആരംഭിക്കാനിരിക്കുന്ന ലീഗിൽ 16 ടീമുകളാണ് പങ്കെടുക്കുന്നത്.



1979ലെ ഇസ്ലാമിക വിപ്ലവത്തിന് ശേഷമാണ് ഇറാനിൽ സ്ത്രീകൾക്ക് ഫുട്ബോൾ അടക്കമുള്ള കായിക മത്സരങ്ങൾ കാണുന്നതിന് വിലക്കേർപ്പെടുത്തിയത്. നിയമപരമായി വിലക്കില്ലെങ്കിലും മതപുരോഹിതൻമാരുടെ ഉന്നത സഭയാണ് സ്ത്രീകൾക്ക് സ്റ്റേഡിയത്തിൽ അനുമതി നിഷേധിച്ചത്.

അർധവസ്ത്രം ധരിച്ച് പുരുഷൻമാർ ഫുട്ബോൾ കളിക്കുമ്പോൾ സ്ത്രീകൾ സ്റ്റേഡിയത്തിൽ പ്രവേശിക്കരുതെന്ന് പറഞ്ഞായിരുന്നു വിലക്ക്. ഈ നിർദേശം നടപ്പിലാക്കാനായി മത പൊലീസിനേയും വിന്യസിച്ചിരുന്നു.

2019ൽ, പുരുഷ വേഷം ധരിച്ച് സ്റ്റേഡിയത്തിൽ പ്രവേശിച്ചതിൽ പിടിക്കപ്പെടുമെന്നായപ്പോൾ സഹർ ഖൊദയാരി എന്ന പെൺകുട്ടി തീകൊളുത്തി ആത്മഹത്യ ചെയ്തിരുന്നു. സംഭവത്തെ തുടർന്ന് ഇറാനിൽ വലിയ പ്രക്ഷോഭങ്ങൾ അരങ്ങേറി. വിവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കുമൊടുവിൽ കഴിഞ്ഞ ഓഗസ്റ്റിലാണ് വർഷങ്ങൾ നീണ്ട കാത്തിരിപ്പിന് ശേഷം സ്ത്രീകൾക്ക് ഫുട്ബോൾ മത്സരം കാണാൻ അവസരം ലഭിച്ചത്.

2022 ലോകകപ്പിൽ ടെഹ്റാനിൽ നടന്ന ഇറാൻകംബോഡിയ യോഗ്യതാ റൗണ്ട് മത്സരം കാണാൻ 4,000 സ്ത്രീകൾക്ക് അനുമതി നൽകിയിരുന്നു.



# ട്രാഫിക് നിയമം ലംഘിച്ചു; നടൻ വിജയ്ക്ക് പിഴ ചുമത്തി

ചെന്നൈ: ട്രാഫിക് നിയമം ലംഘിച്ചതിന് നടൻ വിജയ്ക്ക് 500 രൂപ പിഴ ചുമത്തി. വിജയ് മക്കൾ ഇയക്കത്തിന്റെ ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി മടങ്ങിയ വിജയ്, രണ്ടിലധികം തവണ ട്രാഫിക് സിഗ്നൽ ലംഘിച്ചെന്നാണ് റിപ്പോർട്ട്.

പനൈയൂർ ഗസ്റ്റ് ഹൗസിലായിരുന്നു യോഗം. യോഗം കഴിഞ്ഞ ശേഷം പനൈയൂരിൽ നിന്ന് നീലാംഗരെയിലെ വസതിയിലേക്ക് പോവുകയായിരുന്നു വിജയ്. ആരാധകർ അദ്ദേഹത്തെ അനുഗമിച്ചിരുന്നു. ആരാധകർ പിന്നാലെവരുന്നത് തടയാനാണ് അദ്ദേഹം ട്രാഫിക് നിയമം ലംഘിച്ച് മുന്നോട്ടുപോയതെന്നാണ് റിപ്പോർട്ട്.

ട്രാഫിക് സിഗ്നലുകളിൽ വിജയ്‌യുടെ കാർ നിർത്താതെ പോകുന്ന വീഡിയോകളും ഫോട്ടോകളും സോഷ്യൽ മീഡിയയിൽ പ്രചരിച്ചിരുന്നു. പിന്നാലെയാണ് വിജയ്ക്ക് പിഴ ചുമത്തിയത്. വിജയ്‌യുടെ രാഷ്ട്രീയ പ്രവേശനത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്കിടെയായിരുന്നു യോഗം. വിജയ് 2024ൽ രാഷ്ട്രീയ പാർട്ടി രൂപീകരിക്കുമെന്നും 2026ൽ മത്സരിക്കുമെന്നുമാണ് അഭ്യൂഹം.

ലോകേഷ് കനകരാജ് സംവിധാനം ചെയ്യുന്ന ലിയോ എന്ന സിനിമയിലാണ് വിജയ് ഏറ്റവുമൊടുവിൽ അഭിനയിച്ചത്. സിനിമ ഒക്ടോബർ 19ന് തിയേറ്ററുകളിൽ റിലീസ് ചെയ്യും.

# ഏഷ്യ കപ്പ് ക്രിക്കറ്റ്; ഇന്ത്യൻ ടീം പാകിസ്താനിലേക്ക് പോകില്ല

ആഗസ്റ്റ് 31ന് തുടക്കമാകുന്ന ഏഷ്യ കപ്പ് ക്രിക്കറ്റ് ടൂർണമെൻറിൽ ഇന്ത്യൻ ടീം പാകിസ്താനിൽ മത്സരങ്ങൾക്കായി പോകില്ലെന്ന് വ്യക്തമാക്കി ബി.സി.സി.ഐ.

എഷ്യ കപ്പ് മത്സരക്രമങ്ങളിൽ അന്തിമധാരണയായെന്നും ഇന്ത്യയും പാകിസ്താനും തമ്മിലുള്ള മത്സരം ശ്രീലങ്കയിൽ നടക്കുമെന്നും ഐ.പി.എൽ ചെയർമാൻ അരുൺ ദുമാൽ സ്ഥിരീകരിച്ചു.

ബി.സി.സി.ഐ സെക്രട്ടറി ജയ് ഷായും പാക് ക്രിക്കറ്റ് ബോർഡ് പ്രതിനിധി സാക അഷ്റഫും ഐ.സി.സി ബോർഡ് യോഗത്തിനിടെ കൂടിക്കാഴ്ച നടത്തി അന്തിമധാരണയിലെത്തിയെന്ന് ദുമാൽ അറിയിച്ചു.

പാകിസ്താനും ശ്രീലങ്കയും വേദിയാകുന്ന ക്രിക്കറ്റ് ടൂർണമെൻറ് ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 17 വരെയാണ് നടക്കുക. നാല് മത്സരങ്ങൾ പാകിസ്താനിലും പിന്നീടുള്ള ഒമ്പത് മത്സരങ്ങൾ ശ്രീലങ്കയിലും നടക്കും. ഇന്ത്യ, പാകിസ്താൻ, ശ്രീലങ്ക, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ, നേപ്പാൾ എന്നീ രാജ്യങ്ങളാണ് ടൂർണമെൻറിൽ പങ്കെടുക്കുന്നത്. മത്സരക്രമം വെള്ളിയാഴ്ച പുറത്തുവിടുമെന്നാണ് റിപ്പോർട്ടുകൾ.




ഇന്ത്യ പാകിസ്താനിൽ കളിക്കാൻ പോകുമെന്ന് പാക് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് അരുൺ ദുമാൽ തള്ളി. പാക് കായികമന്ത്രി ഇഹ്സാൻ മസാരിയെ ഉദ്ധരിച്ചായിരുന്നു റിപ്പോർട്ടുകൾ. പാക് സർക്കാരിൻറെ സമ്മർദ്ദത്തെത്തുടർന്ന് പാകിസ്ഥാനിൽ കളിക്കാൻ ഇന്ത്യ സമ്മതിച്ചെന്നായിരുന്നു വാർത്തകൾ.

എന്നാൽ, ഇത്തരമൊരു തീരുമാനം ഇല്ലെന്നും ഇന്ത്യ പാകിസ്താനിലേക്ക് പോകുന്ന പ്രശ്നം ഉദിക്കുന്നില്ലെന്നും ഐ.പി.എൽ ചെയർമാൻ അരുൺ ധുമാൽ പറഞ്ഞു.


# കോഴിക്കോട് നാദാപുരത്ത് ഡോക്ടർക്ക് നേരെ കയ്യേറ്റം; പൊലീസ് കേസെടുത്തു

നാദാപുരം ഗവ. താലൂക്ക് ആശുപത്രിയിൽ ഡോക്ടർക്കു നേരെ കയ്യേറ്റം.

കാഷ്വാലിറ്റി ഡ്യൂട്ടിയിലുണ്ടായിരുന്ന ചാലക്കുടി സ്വദേശി ഡോ. ഭരത് കൃഷ്ണയ്ക്കു നേരെയാണ് ഇന്നലെ രാത്രി 12 മണിയോടെ കയ്യേറ്റം നടന്നത്. ചെവി അടഞ്ഞെന്നു പറഞ്ഞ് രണ്ടു പേരാണ് ഡോക്ടറുടെ അടുത്തെത്തിയത്. വയനാട്ടിൽനിന്നാണു വരുന്നതെന്നും കുറ്റ്യാടി ആശുപത്രിയിൽ കാണിച്ചെന്നും മരുന്ന് ലഭിച്ചില്ലെന്നും പറഞ്ഞിരുന്നു.

ഡോക്ടർ മരുന്നിനെഴുതുകയും ഡ്യൂട്ടിയിലുണ്ടായിരുന്ന നഴ്സ് നെബുലൈസേഷൻ നൽകുകയും ചെയ്തു. ഇതിനിടയിൽ, കൂടെ ഉണ്ടായിരുന്നയാളും ചെവി അടഞ്ഞിട്ടുണ്ടെന്നും തനിക്കും മരുന്ന് നൽകണമെന്നും ആവശ്യപ്പെട്ടു.

എന്നാൽ ഒപി ടിക്കറ്റെടുക്കാതെ മരുന്നു നൽകാൻ കഴിയില്ലെന്ന് പറഞ്ഞതോടെ



ഇവർ നഴ്സ്മാരോടു തട്ടിക്കയറി. ഇതിനിടെ ഇവരുടെ കൂടെ ഉണ്ടായിരുന്ന് മറ്റു രണ്ടുപേർ ബഹളം തുടങ്ങിയതോടെ ഡോക്ടറും എത്തി.

പിന്നീട് ഇവർ അസഭ്യം പറയുകയും ഡോ. ഭരത് കൃഷ്ണയെ പിടിച്ച് തള്ളുകയും കയ്യേറ്റം ചെയ്യുകയുമായിരുന്നു. നാദാപുരം പോലീസിൽ പരാതി നൽകിയതിനെ തുടർന്ന് പൊലീസ് കേസെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.